19
2024
ജൂൺ
ബുധൻ
മിഥുനം 5

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.205 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-205 | പേജ് 4. വില 2.00 രൂപ



02 ഗോത്രവർഗ്ഗ കുടുംബ കേന്ദ്രങ്ങളെ കോളനികൾ എന്ന് വിശേഷിപ്പിക്കുന്നത് ഒഴിവാക്കും

03 ജോബി മാത്യുവിൻെറ ദുരൂഹമരണം : വാഹന ഉടമ മുൻകൂർ ജാമ്യാപേക്ഷ നൽകി

04 ജോലി വാഗ്ദാനം ചെയ്ത് യുവതികളെ തടവിലാക്കി പീഡിപ്പിച്ചു




## ഹാരിസ് ബീരാൻ, ജോസ് കെ. മാണി, പി.പി.സുനീർ എന്നിവർ എതിരില്ലാതെ രാജ്യസഭയിലേക്ക്

തിരുവനന്തപുരം: കേരളത്തിൽ ഒഴിവുള്ള മൂന്ന് രാജ്യസഭാ സീറ്റിലേക്ക് ഹാരിസ് ബീരാൻ, ജോസ് കെ.മാണി, പി.പി.സുനീർ എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയം ഇന്ന് മൂന്നിന് അവസാനിച്ചിരുന്നു. ഇതോടെയാണ് മൂവരെയും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചത്.

25നായിരുന്നു തെരഞ്ഞെടുപ്പ് തീരുമാനിച്ചിരുന്നത്. ഹാരിസ് ബീരാൻ യുഡിഎഫ് പ്രതിനിധിയായും ജോസ് കെ.മാണി, പി.പി.സുനീർ എന്നിവർ എൽഡിഎഫ് പ്രതിനിധിയായിട്ടാണ് രാജ്യസഭയിലേക്ക് എത്തുന്നത്. എറണാകുളം ആലുവ സ്വദേശിയായ ഹാരിസ് ബീരാൻ സുപ്രീംകോടതി അഭിഭാഷകനാണ്. 2011 മുതൽ ഡൽഹി കെഎംസിസിയുടെ പ്രസിഡൻറുമാണ്.

ജോസ് കെ.മാണി നിലവിൽ രാജ്യസഭാ എംപിയാണ്. കോട്ടയം പാർലമെൻറ് മണ്ഡലത്തിലെ എംപി സ്ഥാനം രാജിവച്ചാണ് ജോസ് കെ.മാണി രാജ്യസഭയിലേക്ക് എത്തുന്നത്. കേരള കോൺഗ്രസ് എം ചെയർമാനായ ജോസ് കെ.മാണി കേരളാ യൂത്ത് ഫ്രണ്ടിലൂടെയാണു മുഖ്യാധാര രാഷ്ട്രീയത്തിലേക്ക് എത്തിയത്.

പൊന്നാനി സ്വദേശിയായ സുനീർ സിപിഐ സംസ്ഥാന അസിസ്റ്റൻറ് സെക്രട്ടറിയാണ്. നിലവിൽ ഹൗസിംഗ് ബോർഡ് വൈസ് ചെയർമാനാണ്. സിപിഐ മലപ്പുറം ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ച സുനീർ 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധിക്കെതിരെ മത്സരിച്ചിരുന്നു.

ജോസ് കെ.മാണി, എളമരം കരീം, ബിനോയ് വിശ്വം എന്നിവരുടെ രാജ്യസഭാ കാലാവധി അവസാനിച്ചതോടെയാണ് കേരളത്തിൽ മൂന്ന് ഒഴിവുവന്നത്.

## ഇടിമിന്നലേറ്റ് രണ്ട് തൊഴിലുറപ്പ് തൊഴിലാളികൾ മരിച്ചു

കൊല്ലം: പുനലൂർ മണിയാറിൽ ഇടിമിന്നലേറ്റ് രണ്ട് തൊഴിലുറപ്പ് തൊഴിലാളികൾ മരിച്ചു. ഇടക്കുന്നം സ്വദേശികളായ സരോജം, രജനി എന്നിവരാണ് മരിച്ചത്.

ഇന്ന് ഉച്ചയോടെയാണ് അപകടം.സ്വകാര്യ വ്യക്തിയുടെ പറമ്പിൽ തൊഴിലുറപ്പ് ജോലിക്കെത്തിയതാണ് ഇരുവരും. ശക്തമായ മഴ പെയ്തപ്പോൾ നനയാത്ത സ്ഥലത്തേക്ക് കയറി നിൽക്കുമ്പോളാണ് മിന്നലേറ്റത്. ഇരുവരെയും ഉടനെ പുനലൂരിലെ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# വിഴിഞ്ഞം തുറമുഖം പ്രവർത്തന സജ്ജമാകാൻ ഇനിയും കടമ്പകൾ

വിഴിഞ്ഞം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ തോതിൽ പ്രവർത്തന സജ്ജമാകണമെങ്കിൽ ഇനിയും കടമ്പകൾ കടക്കണമെന്ന് വിലയിരുത്തൽ.പ്രധാനമായി വേണ്ട കസ്റ്റംസ് ക്ലിയറൻസ് ഓഫീസ്, പഴം, പച്ചക്കറി, മീൻ എന്നിങ്ങനെയുള്ളവയുടെ ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ, വിവിധ തരം ഓഫീസുകളും അതിനു വേണ്ട ജീവനക്കാരെയും മറ്റ് സംവിധാനങ്ങളും ഒരുക്കണം.

കൂടാതെ അന്താരാഷ്ട്ര തുറമുഖമായതിനാൽ പതിനാല് കിലോമീറ്റർ ചുറ്റളവ് ഇക്കണോമിക്കൽ സോൺ എന്ന പ്രഖ്യാപനവും ഉണ്ടാകണം. ഇതൊന്നും ആയിട്ടില്ല. താല്കാലികമായി ഐഎസ്പിഎസ് കോഡ് ലഭിച്ചെങ്കിലും പ്രധാനമായി വേണ്ട ഐസിപി കോഡുൾപ്പെടെയുള്ളവ കിട്ടിയില്ലെന്നാണറിവ്.

കസ്റ്റംസ് ഓഫീസിനായുള്ള കെട്ടിടം തുറമുഖ കവാടത്തിന് ചേർന്ന് അധികൃതർ നിർമിച്ച് നൽകിയിട്ടുണ്ടെങ്കിലും ജീവനക്കാരെ അനുവദിച്ച് വിജ്ഞാപനമിറങ്ങേണ്ടതുണ്ട്. ട്രയൽ റണ്ണിന് ശേഷം ഈ വർഷാവസാനം തുറമുഖം കമ്മിഷൻചെയ്യുമെന്നും അധികൃതർ പറയുന്നു. എന്നാൽ വിഴിഞ്ഞത്തുകാർ വികസനം അനുഭവിച്ചറിയണമെങ്കിൽ ഇനിയും വർഷങ്ങൾ കാത്തിരിക്കേണ്ടി വരും. ഒന്നാം ഘട്ടത്തിൽ കരമാർഗ്ഗമുള്ള കണ്ടെയ്നർ നീക്കം ഉണ്ടാകില്ലെന്നും ബന്ധപ്പെട്ടവർ പറയുന്നു.വൻകിട ചരക്ക് കപ്പലുകളിൽ എത്തുന്ന കണ്ടെയ്നറുകൾ ചെറിയ കപ്പലുകളിലേക്ക് മാറ്റി കടൽമാർഗം മറ്റ് തുറമുഖങ്ങളിൽ അടുപ്പിക്കുകയാണ് ലക്ഷ്യം. കസ്റ്റംസ് ക്ലിയറൻസ് സംവിധാനം നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തനമാരംഭിച്ചില്ലെങ്കിൽ ഗുജറാത്ത് പോലുള്ള തുറമുഖങ്ങളിൽ നിന്നുള്ള ക്ലിയറൻസുമായി കപ്പലുകൾക്ക് വിഴിഞ്ഞത്ത് എത്തി വിദേശ രാജ്യങ്ങളിലേക്ക് മടങ്ങാമെന്നു മറിയുന്നു. ഇത് കേരളത്തിൻെറ വരുമാനത്തെ ബാധിക്കുമെന്നും വിലയിരുത്തപ്പെടുന്നു.കര മാർഗം ചരക്ക് നീക്കം നടക്കണമെങ്കിൽ കൂറ്റൻ കണ്ടെയ്നറുകൾക്ക് കടന്നുപോകാൻ പാകത്തിലുള്ള റോഡുകളും റെയിൽവേയും ഒഴിവാക്കാനാകില്ല. ഇതൊന്നും വിഴിഞ്ഞം തുറമുഖത്ത് കണി കാണാനില്ല. നിർമാണം തുടങ്ങി ഒരു പതിറ്റാണ്ടോളം അടുക്കുമ്പോഴും രണ്ട് കിലോമീറ്ററോളം വരുന്ന തുറമുഖ അപ്രോച്ച് റോഡ് പൂർത്തികരിക്കാൻ പോലും കഴിഞ്ഞിട്ടില്ല. റിംഗ് റോഡിൻെറ കാര്യവും എങ്ങുമെത്തിയിട്ടില്ല.



## ട്രോളിംഗ് നിരോധനം ലംഘിച്ച് മീൻപിടിത്തം; വള്ളങ്ങൾ പിടികൂടി

കൊല്ലം: ട്രോളിംഗ് നിരോധനം ലംഘിച്ച് മീൻപിടിച്ച വള്ളങ്ങൾ ഫിഷറീസ് എൻഫോഴ്സ്മെൻറ് സ്ക്വാഡ് പിടികൂടി. ചൊവ്വാഴ്ച മുതലപ്പൊഴി പാലത്തിനു സമീപം നടത്തിയ പരിശോധനയിലാണ് വള്ളങ്ങൾ പിടിച്ചെടുത്തത്.

ചിറയിൻകീഴ് അസിസ്റ്റൻറ് ഫിഷറിസ് എക്സ്റ്റൻഷൻ ഓഫീസർ വിഷ്ണു, കോസ്റ്റൽ പോലീസ് ഉദ്യോഗസ്ഥരായ അമൃത് ലാൽ തുടങ്ങിയവർ പരിശോധനയിക്കു നേതൃത്വം നൽകി.

അഞ്ച് തൊഴിലാളികളായിരുന്നു വള്ളങ്ങളിലുണ്ടായിരുന്നത്. വർക്കല ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ മേൽനടപടികൾ സ്വീകരിച്ചു. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് അധികൃതർ പറഞ്ഞു.



മന്ത്രി കെ. രാധാകൃഷ്ണൻ രാജിക്കത്ത് മുഖ്യമന്ത്രി പിണറായി വിജയന് സമർപ്പിക്കുന്നു

## ചരിത്രപരമായ ഉത്തരവിറക്കി പടിയിറക്കം

തിരുവനന്തപുരം: നിയുക്ത എംപി കെ. രാധാകൃഷ്ണൻ മന്ത്രിസ്ഥാനം രാജിവെച്ചു. ക്ലിഫ് ഹൗസിലെത്തി മുഖ്യമന്ത്രി പിണറായി വിജയന് രാജിക്കത്ത് കൈമാറി. ആലത്തൂർ മണ്ഡലത്തിൽ നിന്നും ലോക്സഭയിലേക്ക് വിജയിച്ചതിനെത്തുടർന്നാണ് രാധാകൃഷ്ണൻെറ രാജി.

നിയമസഭാംഗത്വം രാജിവെച്ചു കൊണ്ടുള്ള കത്ത് സ്പീക്കർ ഷംസീറിനും രാധാകൃഷ്ണൻ ഇന്ന് നൽകും. നിലവിൽ രണ്ടാം പിണറായി മന്ത്രിസഭയിൽ പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പ്, ദേവസ്വം, പാർലമെൻററികാര്യ വകുപ്പ് മന്ത്രിയായിരുന്നു അദ്ദേഹം.

രാജിയ്ക്ക് മുൻപ് ചരിത്രപരമായ ഉത്തരവ് അദ്ദേഹം ഇറക്കി. പട്ടിക വിഭാഗക്കാർ കൂട്ടത്തോടെ താമസിക്കുന്ന പ്രദേശങ്ങൾ കോളനികൾ എന്നറിയപ്പെടുന്നത് ഒഴിവാക്കാനാണ് തീരുമാനം. പുതിയ ഉത്തരവനുസരിച്ച് കോളനികൾ ഇനി നഗർ എന്നറിയപ്പെടും. സങ്കേതം എന്ന പേര് ഉന്നതി എന്നും ഊര് പ്രകൃതി എന്നുമാക്കി.

ഓരോ പ്രദേശത്തും താല്പര്യമുള്ള കാലാനുസൃതമായ പേരുകളും ഉപയോഗിക്കാം. തർക്കങ്ങൾ ഒഴിവാക്കാൻ വ്യക്തികളുടെ പേരിടുന്നത് പരമാവധി ഒഴിവാക്കാൻ ഉത്തരവിൽ നിർദേശിക്കുന്നു.

## മന്ത്രിസഭാ പുനസംഘടന ഉടൻ

തിരുവനന്തപുരം: നിയുക്ത എംപി കെ. രാധാകൃഷ്ണൻ മന്ത്രിസ്ഥാനം രാജിവച്ചതോടെ സംസ്ഥാന മന്ത്രി സഭ ഉടൻ പുനസംഘടിപ്പിക്കും. പുതിയ മന്ത്രി ആരാകണമെന്നതു സംബന്ധിച്ച് സിപിഎം നേതൃയോഗത്തിൽ തീരുമാനമുണ്ടാകും.

പട്ടിക വിഭാഗത്തിൽനിന്നുള്ള മന്ത്രി രാജിവച്ചതിനാൽ അതേ വിഭാഗത്തിൽ നിന്നു തന്നെ മന്ത്രവരണമെന്നാണ് ഒരു വിഭാഗത്തിൻെറ ആവശ്യം. ഒ.ആർ.കേളു, കെ.എം.സച്ചിൻ ദേവ്, പി.വി.ശ്രീനിജൻ എന്നിവരുടെ പേരുകൾ മന്ത്രിസ്ഥാനത്തേക്ക് പരിഗണിക്കുന്നതായി റിപ്പോർട്ടുകളുണ്ട്.

വയനാട് ജില്ലയിലെ മുതിർന്ന നേതാവ് ഒ.ആർ.കേളു നിലവിൽ പട്ടികജാതി, പട്ടികവർഗ പിന്നാക്ക ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ ചെയർമാൻ കൂടിയാണ്.

# തീറ്റയിൽ പൊറോട്ട അമിതമായി അഞ്ചുപശുക്കൾ ചത്തു; സംഭവം വെളിനല്ലൂർ വട്ടപ്പാറ ഹസ്ബുള്ളയുടെ ഫാമിൽ

## ഒൻപതണ്ണം അവശനിലയിൽ, പോസ്റ്റുമോർട്ടത്തിനും ചികിത്സകൾക്കും മൃഗസംരക്ഷണ വകുപ്പ്

വെളിനല്ലൂർ : അമിതമായി പൊറോട്ട തീറ്റയിൽ ചേർത്തത് മൂലം അഞ്ചു പശുക്കൾ വെളിനല്ലൂരിൽ മരണമടഞ്ഞു

ഒൻപതെണ്ണം അവശനിലയിലായി . വെളിനല്ലൂർ വട്ടപ്പാറ 'അൻസിറ മാൻസിലിൽ ഹസ്ബുള്ള എന്ന 'കർഷകന്റെ ഉരുക്കളാണ് മരണപ്പെട്ടത് സ്ഥിരമായി കൊടുക്കുന്ന പൊറോട്ടയ്ക്ക് ഒരു നിശ്ചിത അളവ് നിശ്ചയിച്ചിരുന്നു എന്നാൽ കഴിഞ്ഞ ദിവസം കഴിഞ്ഞ ദിവസം നേരിട്ട് തീറ്റ നല്കാൻ ഹസ്ബുള്ള ക്ക് കഴിഞ്ഞില്ല . പൊറോട്ടയും ചക്കയും അമിതമായി തീറ്റയിൽ ചേർത്തതു മൂലം വയർ കമ്പനം നേരിട്ട് പൈക്കൾ മരണപ്പെടുകയായിരുന്നു

കാലിത്തീറ്റക്ക് വിലയേറിയതിനാൽ കുറെ പൊറോട്ടയും പയറും ചക്കയും പുളിയിരിയും മറ്റു മായായിരുന്നു ഹസ്ബുള്ള പതിവ് തീറ്റയായി നൽകിയിരുന്നത് കഴിഞ്ഞ 20 വർഷമായി നടത്തുന്ന ഫാമിൽ മുപ്പത് പശുക്കളുംരണ്ട് പോത്തും രണ്ട് കാളകളും ഉണ്ട്.

ഇന്നലെ വൈകിട്ട് നാലരയോടെ ആയിരുന്നു സംഭവം പശുക്കളിൽ ഒന്ന് വയർ കമ്പിച്ച് കുഴഞ്ഞ് വീണതിനെ തുടർന്ന് വെളിനല്ലൂർ മൃഗാശുപത്രിയുമായി ബന്ധപ്പെട്ടു പശുക്കൾ ഒന്നിനു പുറകെ മറ്റൊന്നായി വീഴാൻ തുടങ്ങിയതോടെ

കൊല്ലത്തെ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ വിവരമറിയിച്ചു. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ.ഡി. ഷൈൻകുമാറിന്റെ നിർദ്ദേശപ്രകാരം വെറ്ററിനറി സർജൻമാരായ

ജി .മനോജ് കെ.മാലിനി എം.ജെ.സേതുലക്ഷ്മി എന്നിവരടക്കുന്ന എമർജൻസി റെസ്പോൺസ് ടീം സ്ഥലത്തെത്തി . ചത്ത പശുക്കളുടെ പോസ്റ്റുമോർട്ടവും അവശനിലയിലായ പശുക്കളുടെ ചികിത്സയും ഏറ്റെടുത്തു. പോസ്റ്റ്മോർട്ടം കഴിഞ്ഞ പശുക്കളെ വീട്ടുവളപ്പിൽ തന്നെ സംസ്കരിച്ചു

വയർ കമ്പനവും തുടർന്നുള്ള അല്ലവി ബാധയും നിർജലീകരണവും മരണകാരണമായെന്ന് ഡോക്ടർമാർ പറഞ്ഞു.

പോസ്റ്റ്മോർട്ടം റിപ്പോർട്ട് തയ്യാറായാൽ ഉടൻ നഷ്ടപരിഹാരത്തിലുള്ള നടപടി സ്വീകരിക്കുമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു



# സാമുവേൽ മാർ തെയോഫിലോസ് ബിലീവേഴ്സ് സഭാധ്യക്ഷൻ

തിരുവല്ല: ബിലീവേഴ്സ് ഈസ്റ്റേൺ സഭയുടെ പുതിയ അധ്യക്ഷനായി ചെന്നൈ ആർച്ച് ഡയോസിസ് അധ്യക്ഷൻ സാമുവേൽ മാർ തെയോഫിലോസ് തെരഞ്ഞെടുക്കപ്പെട്ടു. സഭാധ്യക്ഷനായിരുന്നു റവ.ഡോ. കെ.പി. യോഹന്നാൻ (മാർ അത്തനേഷ്യസ് യോഹാൻ പ്രഥമൻ) അന്തരിച്ചതിനെത്തുടർന്നാണ് പുതിയ അധ്യക്ഷനെ കഴിഞ്ഞദിവസം സഭയുടെ എപ്പിസ്കോപ്പൽ സിനഡ് യോഗം ചേർന്നു തെരഞ്ഞെടുത്തത്.

പുതിയ സഭാധ്യക്ഷൻെറ സ്ഥാനാരോഹണം 22ന് രാവിലെ എട്ടിന് സഭ ആസ്ഥാനമായ കുറ്റപ്പുഴ സെൻറ് തോമസ് കത്തീഡ്രലിൽ നടക്കും. എപ്പിസ്കോപ്പൽ സിനഡിൻെറ പുതിയ സെക്രട്ടറിയായി ജോഷ്വാ മാർ ബർണബാസിനെയും തെരഞ്ഞെടുത്തു. കുറ്റപ്പുഴയിലെ ബിലീവേഴ്സ് ചർച്ച കൺവൻഷൻ സെൻററിന് മാർ അത്തനേഷ്യസ് യോഹാൻ സ്മാരകം എന്നു നാമകരണം ചെയ്യാനും യോഗം തീരുമാനിച്ചു. സഭയുടെ സീനിയർ എപ്പിസ്കോപ്പ കൂടിയായ സാമുവേൽ മാർ തെയോഫിലോസ് റാന്നി കീക്കൊഴൂർ ഓറേത്ത് കൈതപ്പതാലിൽ കുടുംബാംഗമാണ്. 1959 ഓഗസ്റ്റ് 27നാണ് ജനനം. നിലവിൽ ചെന്നൈ ആർച്ച് ഡയോസിസ് അധ്യക്ഷനായ മാർ തെയോഫിലോസ് സഭാധ്യക്ഷൻെറ താത്കാലിക ചുതമലയും നിർവഹിച്ചു വരികയായിരുന്നു.

17ാം വയസിൽ മിഷണറി പ്രവർത്തനത്തിനിറങ്ങിയ അദ്ദേഹം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചു. ബിലീവേഴ്സ് ചർച്ച സെമിനാരിയുടെ സ്ഥാപക പ്രിൻസിപ്പലായി 10 വർഷം സേവനം ചെയ്തു. 20042007 കാലയളവിൽ സഭയുടെ ജനറൽ സെക്രട്ടറി ആയിരുന്നു. മേജർ സെമിനാരി പ്രിൻസിപ്പലായി 20072008ൽ പ്രവർത്തിച്ചു. 1997ൽ വൈദികനും 2006ൽ എപ്പിസ്കോപ്പയുമായി. 2013 17 വർഷം സിനഡ് സെക്രട്ടറിയായിരുന്നു



# പാഠപുസ്തകങ്ങളിൽ ശുചിത്വവും മാലിന്യ സംസ്കരണവും




*മൂന്നാം ക്ലാസിലെ പരിസരപഠനം പാഠപുസ്തകത്തിൽ വിവിധ തരം മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി വിവിധ തരം ബിന്നുകൾ ഉപയോഗിക്കുന്നത് വിശദീകരിക്കുന്നു.*

തിരുവനന്തപുരം: സുസ്ഥിര മാലിന്യസംസ്കരണത്തിനും ശുചിത്വത്തിനും പ്രാധാന്യം നൽകുന്ന പാഠഭാഗങ്ങളും പാഠ്യപദ്ധതിയുമായി വിദ്യാഭ്യാസ വകുപ്പ്. മാലിന്യ മുക്തം നവകേരളം കാമ്പയിൻറെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികളുടെ ഭാഗമാണ് പാഠ്യപദ്ധതിയിലെ ഈ പരിഷ്കാരം.

സംസ്ഥാനത്തെ എ സ് സി ഇ ആർ ടി സിലബസിലുള്ള 9,7,5,3 ക്ലാസുകളിലെ പുസ്തകങ്ങളിലാണ് മാലിന്യസംസ്കരണത്തിനും ശുചിത്വത്തിനും പ്രാധാന്യം നൽകുന്ന പാഠഭാഗങ്ങളുള്ളത്. ഒൻപതാം ക്ലാസിലെ ജീവശാസ്ത്രം, ഏഴാം ക്ലാസിലെ ഹിന്ദി പാഠാവലി, അഞ്ചാം ക്ലാസിലെ അടിസ്ഥാന ശാസ്ത്രം, മൂന്നാം ക്ലാസിലെ മലയാളം, പരിസരപഠനം എന്നീ പുസ്തകങ്ങളിലാണ് പാഠഭാഗങ്ങളുള്ളത്.കുട്ടികളിലെ സ്വഭാവ രൂപീകരണ വേളയിൽ തന്നെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിപ്പിക്കുക, കുട്ടികളുടെ ശൈലി രൂപീകരണത്തിന് സഹായകമാകുന്ന വിധത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുക എന്നിവ മാലിന്യ മുക്തം നവകേരളം കാമ്പയിൻറെ ഏറെനാളായുള്ള ആവശ്യമാണ്. കേരള ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ എന്നിവയും ഇതിൻറെ ഭാഗമാണ്.

കുട്ടികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കുന്നതിനും മാലിന്യ സംസ്കരണ പരിസര ശുചിത്വ വിഷയങ്ങളിൽ അവബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും ഇതിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു. വി ജോസ് പറഞ്ഞു. 'എൻറെ വിദ്യാലയം ശുചിത്വവിദ്യാലയം' എന്ന തലക്കെട്ടോടുകൂടി തുടങ്ങുന്ന പാഠഭാഗത്തിൽ സ്വന്തം വിദ്യാലയത്തിൻറെ ശുചിത്വ നിലവാരം വിലയിരുത്താനുള്ള പട്ടികകളും മാലിന്യ പരിപാലനത്തിൻറെ അടിസ്ഥാന മാനദണ്ഡങ്ങളും നല്കിയിട്ടുണ്ട്. മാലിന്യം വലിച്ചെറിഞ്ഞാലുണ്ടാകുന്ന ദൂഷ്യഫലങ്ങളും അനുബന്ധ വിഷയങ്ങളും ഉൾപ്പെടുത്തിയുള്ള പാഠഭാഗങ്ങളിലൂടെ വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കാനും സാധിക്കും.

ശുചിത്വത്തിൻറെ ആദ്യക്ഷരങ്ങൾ ചെറുപ്രായത്തിലേ ശീലിപ്പിക്കുന്നത് ലക്ഷ്യമാക്കിയുള്ള വിവരങ്ങളാണ് പാഠഭാഗങ്ങളിലുള്ളത്. മാലിന്യങ്ങളുടെ ഉറവിടത്തിലെ തരംതിരിക്കൽ, ഇതിനായി വ്യത്യസ്ത ബിന്നുകൾ ഉപയോഗപ്പെടുത്തൽ, ഭക്ഷണ മാലിന്യങ്ങൾ കമ്പോസ്റ്റിംഗിലൂടെ വളമാക്കി മാറ്റൽ എന്നിവ ഇതിൽ പ്രതിപാദിക്കുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യരുതെന്നും പാഠഭാഗത്തിലൂടെ കുട്ടികളെ ഓർമ്മിപ്പിക്കുന്നു. സമൂഹത്തിൽ ശരിയായ മാലിന്യ സംസ്കരണ സംസ്കാരം വളർത്തുന്നതിൽ കുട്ടികളെ പങ്കാളികളാക്കാനും വരും തലമുറയിൽ മാലിന്യ സംസ്കരണ സംസ്കാരം വളർത്തിയെടുക്കാനും സാധ്യമാവുന്ന തരത്തിലാണ് പാഠഭാഗം ചിട്ടപ്പെടുത്തിയിട്ടുള്ളത്.



*ഉന്നതി പരിപാടി ഉദ്ഘാടനം*

# ഗോത്രവർഗ്ഗ കുടുംബ കേന്ദ്രങ്ങളെ കോളനികൾ എന്ന് വിശേഷിപ്പിക്കുന്നത് ഒഴിവാക്കും: മന്ത്രി കെ. രാധാകൃഷ്ണൻ

## മന്ത്രി എന്ന നിലയിലെ അവസാന പരിപാടി

ഗോത്രവർഗ്ഗ കുടുംബ കേന്ദ്രങ്ങളെ കോളനികൾ എന്ന് വിശേഷിപ്പിക്കുന്നത് ഒഴിവാക്കുമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ. പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾക്ക് കോളനി എന്ന പേര് നൽകുന്നതിന് പകരം എന്തു പേര് വേണമെന്ന് ആ പ്രദേശത്തുള്ളവർക്ക് തീരുമാനിക്കാമെന്നും മന്ത്രി പറഞ്ഞു. ഉന്നതി എംപവർമെന്റ് സൊസൈറ്റി ഓഫീസ് നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നോളജ് സിറ്റി പ്രഖ്യാപനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ക്ഷേമ പ്രവർത്തനങ്ങൾ മാത്രം നടത്താതെ അവരെ സംരംഭകരാക്കി വളർത്തുക കൂടിയാണ് ഉന്നതി പദ്ധതിയുടെ ലക്ഷ്യം. മികച്ച പഠനം നേടിയവർക്ക് സ്വന്തം കാലിൽ നിൽക്കാനുള്ള ശേഷി ഉണ്ടാക്കുകയാണ് ഉന്നതി പദ്ധതിയിലൂടെ ചെയ്യുന്നത്. 691 പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദേശ സർവകലാശാലകളിൽ അയച്ച് പഠിപ്പിക്കാൻ സാധിച്ചു. 255 കുട്ടികൾ ഈ സെപ്റ്റംബറിൽ വിദേശത്തേക്ക് പോകുന്നുണ്ട്. 150 ഗോത്രവർഗ്ഗ കുട്ടികൾ എയർഹോസ്റ്റസുമാരായി ജോലി ചെയ്യുന്നു. ഗോത്രവർഗ്ഗ യുവാക്കളെ പൈലറ്റുമാരാക്കുന്നതിനുള്ള വിംഗ്സ് പദ്ധതിയിലൂടെ കൂടുതൽ പൈലറ്റുമാരെ ഇനിയും സൃഷ്ടിക്കും. അന്താരാഷ്ട്ര വിമാനം പറത്തുന്നതിനുള്ള പരിശീലനം നേടുന്നതിന് അഞ്ച് കുട്ടികൾക്ക് പ്രത്യേക സാമ്പത്തിക സഹായവും നൽകി. 1285 കേന്ദ്രങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ എത്തിച്ചു. 17 കേന്ദ്രങ്ങളിൽ കൂടി വൈദ്യുതി എത്തിയാൽ 100% വൈദ്യുതീകരിക്കപ്പെട്ട ആദ്യ സംസ്ഥാനമായി കേരളം മാറും.അർഹതപ്പെട്ട ആനുകൂല്യങ്ങൾ എല്ലാവർക്കും ലഭിക്കണമെന്ന് തന്നെയാണ് ആഗ്രഹം. എന്നാൽ സാമ്പത്തിക പ്രതിസന്ധി കുറച്ച് പ്രയാസം ഉണ്ടാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.മണ്ണന്തല അംബേദ്കർ ഭവനിൽ നടന്ന ചടങ്ങിൽ വി.കെ പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ വനജ രാജേന്ദ്രബാബു, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മേഘശ്രീ ഡി. ആർ, പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ സജീവ് തുടങ്ങിയവരും പങ്കെടുത്തു.

# പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ : പരാതികൾ നൽകുന്നതിനു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷനിൽ സമർപ്പിക്കുന്ന പരാതികളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് കാര്യക്ഷമമായ ഇടപെടലുകൾക്ക് കമ്മീഷന് സഹായകരമാകുന്ന വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പുറപ്പെടുവിച്ചു.

കമ്മീഷനിൽ സമർപ്പിക്കുന്ന പരാതികളിൽ പരാതികക്ഷികളുടെ പേരും, പൂർണമായ മേൽവിലാസവും, ജില്ല, പിൻകോഡ് എന്നിവ ഉൾപ്പെടുത്തണം. അപേക്ഷകർ കഴിവതും ഫോൺ / മൊബൈൽ നമ്പർ എന്നിവയും ഇമെയിൽ (ഉണ്ടെങ്കിൽ) വിലാസവും ഉൾപ്പെടുത്തണം. പരാതിക്കാർ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. ജാതി വിവരവും വ്യക്തമാക്കണം. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ തമ്മിലുള്ള വിഷയത്തെ സംബന്ധിച്ചുള്ള പരാതികളിന്മേൽ കമ്മീഷൻ നടപടി സ്വീകരിക്കില്ല. കമ്മീഷനെ നേരിട്ട് അഭിസംബോധന ചെയ്ത് സമർപ്പിക്കുന്ന പരാതികളിൽ മാത്രമേ നിയമപ്രകാരം കമ്മീഷന് നടപടി എടുക്കാൻ സാധിക്കുകയുള്ളൂ. മറ്റ് ഓഫീസുകളെ അഭിസംബോധന ചെയ്ത് സമർപ്പിക്കുന്ന അപേക്ഷകളുടെ പകർപ്പിന് മേൽ കമ്മീഷനിൽ നടപടിയുണ്ടായിരിക്കില്ല.

പരാതി വിഷയം പോലീസ് ഇടപെടലുകൾ ആവശ്യമുള്ളതാണെങ്കിൽ, ഏത് പോലീസ് സ്റ്റേഷൻ പരിധിയിലാണെന്നും, അറിയുമെങ്കിൽ ഏത് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കീഴിലാണ് ഈ സ്റ്റേഷൻ എന്നുമുള്ള വിവരവും ഉൾപ്പെടുത്തണം. പഞ്ചായത്ത് / മുൻസിപ്പാലിറ്റി / നഗരസഭ എന്നിവ സംബന്ധിച്ച പരാതികളിൽ ബന്ധപ്പെട്ട പഞ്ചായത്ത് / മുൻസിപ്പാലിറ്റി / നഗരസഭയുടെ പേര് വിവരങ്ങൾ ഉൾപ്പെടുത്തണം. വസ്തു സംബന്ധമായ പരാതി, വഴി തർക്കം എന്നിവയിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസ് / താലൂക്ക് ഓഫീസ് എന്നിവയുടെ വിവരങ്ങൾ ഉൾപ്പെടുത്തണം.ഏതെങ്കിലും സർക്കാർ സ്ഥാപനത്തിനെതിരെയോ, അർദ്ധസർക്കാർ സ്ഥാപനത്തിനെതിരെയോ ബാങ്കിനെതിരെയോ ആണ് പരാതിയെങ്കിൽ ആ സ്ഥാപനത്തിന്റെ വ്യക്തമായ പേരും മേൽവിലാസവും പരാതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പരാതി ഏതെങ്കിലും വ്യക്തികൾക്കോ സ്വകാര്യ സ്ഥാപനങ്ങൾക്കോ എതിരെയാണെങ്കിൽ അവരുടെ പേരും മേൽവിലാസവും, ലഭ്യമെങ്കിൽ ഫോൺ നമ്പരും പരാതിയിൽ ഉൾപ്പെടുത്തണം. ഇമെയിൽ മുഖാന്തിരവും അല്ലാതെയും സമർപ്പിക്കുന്ന പരാതികളിൽ പരാതികക്ഷി ഒപ്പ് രേഖപ്പെടുത്തണം. ഇമെയിൽ പരാതികളിൽ ഡിജിറ്റൽ സിഗ്നേച്ചർ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണമെന്നും രജിസ്ട്രാർ അറിയിച്ചു.

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടികയുടെ സംക്ഷിപ്ത പുതുക്കൽ ഈ മാസം

സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പുകൾ നടക്കുന്ന വാർഡുകൾ ഉൾപ്പെടെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും വാർഡ് അടിസ്ഥാനത്തിലുള്ള വോട്ടർ പട്ടികയുടെ സംക്ഷിപ്ത പുതുക്കൽ ഈ മാസം (2024 ജൂൺ) പൂർത്തിയാക്കും. കരട് വോട്ടർ പട്ടിക 06.06.2024 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും നിയമസഭ, പാർലമെന്റ് തിരഞ്ഞെടുപ്പുകൾക്കും വ്യത്യസ്ത വോട്ടർ പട്ടികകൾ ആണ് ഉപയോഗിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2024 ആണ്. 2024 ജനുവരി 1 നോ അതിന് മുൻപോ 18 വയസ്സ് തികഞ്ഞവരെ മാത്രമേ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും (ഫാറം 4) തിരുത്തലുകൾ വരുത്തുന്നതിനും (ഫാറം 6) ഒരു വാർഡിൽ നിന്നോ പോളിംഗ് സ്റ്റേഷനിൽ നിന്നോ സ്ഥാനമാറ്റം വരുത്തുന്നതിനും (ഫാറം 7) ലെര.സല്യമഹമ.ഴീ.ശി എന്ന സൈറ്റിൽ ഓൺ ലൈനായി അപേക്ഷ സമർപ്പിക്കണം. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് സംബന്ധിച്ചോ പേര് ഒഴിവാക്കുന്നത് സംബന്ധിച്ചോ ഉള്ള ആക്ഷേപങ്ങൾ ഫാറം 5 ൽ സമർപ്പിക്കണം. അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന അവസാന തീയതി 21.06.2024 ന് ആണ്.

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി സ്വീകരിച്ച് 29.06.2024 ന് അപ് ഡേഷൻ പൂർത്തിയാക്കും. 01/07/2024 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. വോട്ടർ പട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ തീരുമാനത്തിനെതിരെ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ് എന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടർ അറിയിച്ചു.

# താൽക്കാലിക നിയമനം

ട്രിഡ വഴി നടപ്പിലാക്കുന്ന നഗര സൗന്ദര്യവൽക്കരണ പദ്ധതി പ്രവർത്തനങ്ങൾക്കായി ചുവടെ വിവരിക്കുന്ന തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. ഇൻഫ്രാസ്ട്രക്ച്ചർ സ്പെഷ്യലിസ്റ്റ്, ക്ലർക്ക്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് / മെസഞ്ചർ തസ്തികകളിലാണ് നിയമനം. വിദ്യാഭ്യാസ യോഗ്യത, ശമ്പളം, അപേക്ഷാഫാറം തുടങ്ങിയ വിവരങ്ങൾക്ക് ട്രിഡ wwwt.rida.kerala.gov.in എന്ന വെബ്സൈറ്റ് പരിശോധിക്കാവുന്നതാണ്. കൂടാതെ പ്രവൃത്തി ദിവസങ്ങളിൽ തിരുവനന്തപുരം വഴുതക്കാടുള്ള ട്രിഡ ഓഫീസിൽ നിന്നും നേരിട്ടറിയാവുന്നതാണ്. (ഫോൺ : 0471 2722748, 2722238, 2723177) അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2024 ജൂലൈ 6 വൈകിട്ട് അഞ്ചു വരെ.

# വാക്ക് ഇൻ ഇൻററർവ്യൂ

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ മൂന്ന് റസിഡൻഷ്യൽ സ്കൂളുകൾ / നാലു ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ അന്തേവാസികളായ വിദ്യാർഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനും കരിയർ ഗൈഡൻസ് നൽകുന്നതിനുമായി 2024 25 അധ്യയന വർഷത്തേക്ക് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. നെടുമങ്ങാട് ഐടിഡിപി ഓഫീസിൽ ജൂൺ 19 രാവിലെ 10. 30നാണ് അഭിമുഖം. യോഗ്യത: എം എ സൈക്കോളജി /എം എസ് ഡബ്ലിയു/ എം എസ് സി സൈക്കോളജി. പ്രായപരിധി 25നും 45 നും മധ്യേ. പ്രതിമാസം 11,000 രൂപ ഓണറേറിയം, 2000 രൂപ യാത്രപ്പടി എന്നിവ ലഭിക്കും. ഒഴിവുകൾ ആകെ 3 (പുരുഷൻ ഒന്ന്, സ്ത്രീ രണ്ട്)

# ഓവുചാൽ നിർമ്മാണം: റോഡ് അടച്ചിടും

അട്ടക്കുളങ്ങര തിരുവല്ലം റോഡ് മുതൽ കരിയത്തോട് വരെയുള്ള ഭാഗത്തെ ഓട നിർമ്മാണം നടക്കുന്നതിനാൽ അട്ടകുളങ്ങര തിരുവല്ലം മുതൽ കരിയത്തോട് വരെയുള്ള റോഡ് ജൂൺ 19ന് അടച്ചിടും.

# പൊതുമേഖല സ്ഥാപനങ്ങളിൽ ഒഴിവ്: അപേക്ഷ ക്ഷണിച്ചു

കേരള സർക്കാരിന്റെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിങ് ഡയറക്ടർ തസ്തിക ഉൾപ്പെടെ വിവിധ ഒഴിവുകളിൽ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് അപേക്ഷ ക്ഷണിച്ചു.

സിഡ്കോ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർപ്രൈസസ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ടെക്സ്ഫെഡ്, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, വിവിഡ് (വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) എന്നിവിടങ്ങളിൽ മാനേജിങ് ഡയറക്ടർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കിഫ്കോൺ പ്രൈവറ്റ് ലിമിറ്റഡിൽ (കിഫ്ബി സബ്സിഡിയറി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ഒഴിവുണ്ട്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.എൽ) ലിമിറ്റഡിലെ വിവിധ തസ്തികകൾ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ കമ്പനി സെക്രട്ടറി തസ്തികകളിലും അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും: kp-ser-b.k-er-a-l-a.gov.in.

# പ്രോജക്ട് അസിസ്റ്റന്റ് നിയമനം

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിൽ നിലവിലുള്ള പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലെ ഒരു ഒഴിവിലേക്ക് കരാർ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിന് യോഗ്യരായ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് യോഗ്യത. 2024 ജനുവരി 1ന് 20 വയസ് പൂർത്തീകരിക്കേണ്ടതും 40 വയസ് കവിയാൻ പാടില്ലാത്തതുമാണ്. പ്രതിമാസ വേതനം 19,950 രൂപ. ഒരു വർഷത്തേക്കാണ് കരാർ നിയമനം. ഉദ്യോഗാർഥികൾ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിൽ ഉൾപ്പെട്ടവരായിരിക്കണം. ട്രാൻസ്മെൻ വിഭാഗത്തിനും പ്രവർത്തി പരിചയം ഉള്ളവർക്കും മുൻഗണന ലഭിക്കുന്നതാണ്. താൽപര്യമുള്ളവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം ജൂൺ 20 മുതൽ ജൂലൈ 6 വരെ സാമൂഹ്യനീതി ഡയറക്ടറേറ്റ്, അഞ്ചാംനില, വികാസ് ഭവൻ, പി.എം.ജി, തിരുവനന്തപുരം എന്ന വിലാസത്തിൽ സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം.കരാർ നിയമനം ലഭിക്കുന്ന ഉദ്യോഗാർഥികൾ നിർദ്ദിഷ്ട എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷ സാമൂഹ്യനീതി വകുപ്പിന്റെ http://swd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 6.

# കേന്ദ്രമന്ത്രി ജോർജ് കുര്യന് ജന്മനാട്ടിൽ സ്വീകരണം നൽകി

കടുത്തുരുത്തി: സഭകൾ അംഗീകാരം നൽകിയാൽ ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങൾ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ നിലനിർത്തി പരിഹരിക്കാൻ നേതൃത്വം നൽകാമെന്ന് കേന്ദ്രമന്ത്രി ജോർജ് കുര്യൻ. കേരളത്തിലെ പാൽ ഉത്പാദനം വർധിപ്പിക്കണമെങ്കിൽ കൂടുതൽ ഡയറി ഫാമുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾക്ക് ത്രിതല പഞ്ചായത്തുകൾ മുൻഗണന നൽകണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. നമ്പ്യാകുളം പൗരാവലിയുടെയും നാട്ടുകാരുടെയും കാണക്കാരി പഞ്ചായത്തിൻറെയും വിവിധ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ നമ്പ്യാകുളത്ത് നൽകിയ സ്വീകരണസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മന്ത്രി.

തൊഴിലാളികളെ ഉപയോഗപ്പെടുത്തി ഫാമുകളിൽ കൂടുതൽ പശുക്കളെ പരിപാലിച്ചാൽ മാത്രമേ സംസ്ഥാനത്ത് പാൽ ഉത്പാദനം വർധിപ്പിക്കാനാവൂ. ഇതിനായി കേന്ദ്രസർക്കാരിൻറെ ഗോകുൽ മിഷൻ പോലുള്ള പദ്ധതികളുണ്ട്. 60 ശതമാനം ഫണ്ടും കേന്ദ്രസർക്കാരാണ് നൽകുന്നത്. എന്നാൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തയാറാവണം.

കൃത്രിമ പാൽ ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ ഉത്പന്നങ്ങൾ വിപണിയിൽ സജീവമാണ്. ഇവ വലിയ അപകടമുണ്ടാക്കുന്നവയാണ്. ഇത്തരത്തിൽ കൃത്രിമമായ പാൽ ഉത്പാദിപ്പിക്കുന്നവരെയും ഇതുപയോഗിച്ചു വിഭവങ്ങൾ ഉണ്ടാക്കുന്നവരെയും കണ്ടെത്തി നിയന്ത്രിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

വിവിധ കാർഷിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങൾക്കും പരിഹാരം കാണാൻ ശ്രമിക്കുമെന്ന് വ്യക്തമാക്കിയ മന്ത്രി തീരദേശ മേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിവിധ വിഷയങ്ങൾ പരിഹരിക്കാനും ശ്രമങ്ങൾ നടത്തുമെന്നും പറഞ്ഞു. നമ്പ്യാകുളം സെൻറ് തോമസ് പള്ളി പാരിഷ് ഹാളിൽ നടന്ന സമ്മേളനം കോതനല്ലൂർ ഫൊറോനാ പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ പടിക്കകുഴുപ്പിൽ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോസഫ് വടക്കേനെല്ലിക്കാട്ടിൽ അധ്യക്ഷത വഹിച്ചു.ഫാ. ജോസ് വടക്കേക്കുറ്റ്, ഫാ. ജോസഫ് മയിലപ്പറമ്പിൽ, കാണക്കാരി പഞ്ചായത്ത് പ്രസിഡൻറ് അംബിക സുകുമാരൻ, വൈസ് പ്രസിഡൻറ് ബിജു പഴയപുര, പഞ്ചായത്തംഗം ജോർജ് ഗർവാസീസ് കുറ്റിക്കാട്ടുകുന്നേൽ, ബ്ലോക്ക് മെമ്പർമാരായ ആശാമോൾ ജോബി, കൊച്ചുറാണി സെബാസ്റ്റ്യൻ, ജോയി ഗർവാസീസ് വെള്ളാമറ്റം, കെ.ടി. ജോൺ കുപ്പത്താനം, രാകേഷ് പുറമറ്റം, സഖറിയാസ് സേവ്യർ നെല്ലിത്താനത്തുകാലായിൽ, സി.ജി. കൃഷ്ണകുമാർ തുങ്ങിയവർ പ്രസംഗിച്ചു. രാവിലെ നമ്പ്യാകുളം ഇടവകയുടെ നേതൃത്വത്തിലും മന്ത്രിക്ക് സ്വീകരണം നൽകി.

# കോടിമത രണ്ടാംപാലം: നിർമാണം പുനരാരംഭിക്കുന്നു

കോട്ടയം: ഒമ്പത് വർഷമായി പാതിവഴിയിൽ മുടങ്ങിയ കോടിമത രണ്ടാംപാലത്തിൻറെ നിർമാണം ഉടൻ ആരംഭിക്കും. പഴയ കരാറുകാരനു തന്നെയാണു പുതിയ നിർമാണച്ചുമതല. 10 കോടിയിൽ നിർമാണം പൂർത്തിയാകേണ്ടിയിരുന്ന പാലത്തിന് ഇപ്പോൾ 17 കോടിയാണ് ചെലവ് കണക്കാക്കുന്നത്.

അധികമായി 6.50 കോടി രൂപ നിർമാണച്ചെലവ് പ്രതീക്ഷിക്കുന്നു. ഇതോടെയാണ് മൊത്തം നിർമാണചെലവ് 17 കോടി രൂപയായി ഉയർന്നത്.

തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരിക്കെയാണു പാലം നിർമാണം തുടങ്ങിയത്. പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസും തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎയും കഴിഞ്ഞദിവസം നടത്തിയ ചർച്ചയിലാണു പാലം പണി പുനരാരംഭിക്കാൻ ധാരണയായത്. ഇതുപ്രകാരം കരാർ നൽകി.

18 മാസം നിർമാണ കാലാവധി നിശ്ചയിച്ച് 2015 ഓഗസ്റ്റിലായിരുന്നു കോടിമത രണ്ടാംപാലത്തിൻറെ നിർമാണമാരംഭിച്ചത്. കോടിമത ഭാഗത്തെ എംസി റോഡ് വികസനത്തോടൊപ്പം പാലവും പൂർത്തിയാക്കാനായിരുന്നു ശ്രമം.

പാലത്തിനു താഴെയായി താമസിച്ചിരുന്ന രണ്ടു കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കാനുള്ള അധികൃതരുടെ ശ്രമം ഫലം കാണാഞ്ഞതിനെത്തുടർന്ന് നിർമാണം പാതിവഴിയിൽ നിലച്ചു. കെഎസ്ടിപി നിശ്ചയിച്ച നഷ്ടപരിഹാരത്തുക കുറവായതിനാലാണ് ഇവർ എതിർപ്പുന്നയിച്ചത്. ഇതോടെ നിർമാണം നീണ്ടു.

കളക്ടർ ഉൾപ്പെടെയുള്ളവർ ഇടപെട്ടിട്ടും പരിഹാരമാകാതിരുന്നതോടെ 2017 മേയിൽ പദ്ധതി താത്കാലികമായി നിർത്തിവച്ചു. ഇതിനിടെ എംസി റോഡ് നവീകരണം കെഎസ്ടിപി പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിനു കൈമാറിയതോടെ പകുതി നിർമിച്ച പാലം നോക്കുകുത്തിയായി.

പ്രതിഷേധം ശക്തമായതോടെ കോട്ടയം നഗരസഭ ഒരു കുടുംബത്തെ ലൈഫ് പദ്ധതിവഴി സ്ഥലവും വീടും ലഭ്യമാക്കി പുനരധിവസിപ്പിച്ചു. രണ്ടാമത്തെ കുടുംബത്തെ മാറ്റിത്താമസിപ്പിക്കുന്നതു വീണ്ടും വൈകി. ഒരു സന്നദ്ധ സംഘടന താത്പര്യമെടുത്തു സ്ഥലവും വീടും ലഭ്യമാക്കിയതോടെ അവരും മാറി.

ഇതിനിടെ, നിർമാണത്തിൽനിന്ന് വിടുതൽ നൽകണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ സർക്കാരിനു കത്ത് നൽകിയത് മറ്റൊരു കടമ്പയായി. പിന്നീട് നടന്ന ചർച്ചകളിൽ പാലംപണി പുനരാരംഭിക്കണമെന്ന ആവശ്യം മുമ്പോട്ടുവന്നു. മന്ത്രി മുഹമ്മദ് റിയാസും തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎയും നടത്തിയ ചർച്ചയിൽ സ്ഥലം ഏറ്റെടുത്ത് എസ്റ്റിമേറ്റ് പുതുക്കുകയായിരുന്നു.

ഇതിൻറെ തുടർച്ചയായി ക്ഷണിച്ച ടെൻഡറിലാണ് നിർമാണം പുനരാരംഭിക്കാൻ ധാരണയായത്. കോടിമത രണ്ടാംപാലം യാഥാർഥ്യമാകുന്നതോടെ എംസി റോഡിലെ ഗതാഗതക്കുരുക്കിന് ഒരു പരിധിവരെ പരിഹാരമാകും.

എല്ലാ തടസങ്ങളും തീർന്നതായും പഴയകരാറുകാരൻ ഉടൻ പാലം നിർമാണം ആരംഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ പറഞ്ഞു.

## ജീവാനന്ദം പദ്ധതി: ശമ്പളവും പെൻഷനും അട്ടിമറിക്കാനെന്ന് എൻജിഒ അസോസിയേഷൻ

ചങ്ങനാശേരി: സ്റ്റാറ്റ്യൂട്ടറി പെൻഷനും പങ്കാളിത്തപെൻഷനും നിലവിലുള്ളപ്പോൾ ജീവാനന്ദം എന്ന പേരിൽ പുതിയ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം ദുരുദ്ദേശ്യപരമെന്ന് എൻജിഒ അസോസിയേഷൻ ജില്ലാ പ്രസിഡൻറ് സതീഷ് ജോർജ്. പദ്ധതി അടിച്ചേല്പിക്കാനുള്ള സർക്കാരിൻറെ ബോധപൂർവമായ തീരുമാനത്തിനെതിരേ എൻജിഒ അസോസിയേഷൻ ചങ്ങനാശേരി ബ്രാഞ്ച് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർക്കാർ ജീവനക്കാർ വിരമിച്ചശേഷം നിശ്ചിത തുക ആന്വിറ്റിയായി ലഭിക്കുന്ന തരത്തിൽ ജീവാനന്ദം പദ്ധതി സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ചുമതല ഏല്പിച്ചു കൊണ്ട് ഇറക്കിയ ഉത്തരവ് ജീവനക്കാരുടെ ശമ്പളവും പെൻഷനും ആസൂത്രിതമായി കവർന്നെടുക്കുന്നതിനുള്ള കുറുക്കുവഴിയാണെന്നു സമ്മേളനം അഭിപ്രായപ്പെട്ടു.

സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം അഷറഫ് പറപ്പള്ളി, സംസ്ഥാന കമ്മിറ്റിയംഗം കെ.സി.ആർ. തമ്പി, അരവിന്ദാഷൻ കെ., കെ.സി. പ്രദിഷ് കുമാർ, രേഖ ജി., രതീഷ് ജി., മനോഷ് മാത്യു, ജോസഫ് ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

## സംരംഭകത്വ ലോകത്തേക്ക് പുത്തൻ കാൽവയ്പ്: വിംഗ്സ് 2.0

ചങ്ങനാശേരി: ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ ആഭിമുഖ്യത്തിൽ സംരംഭകത്വത്തിൻറെ പുതിയ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും പരിശീലനം നൽകി പുതിയ സംരംഭങ്ങൾ (കമ്പനികൾ) ആരംഭിച്ച് നാടിൻറെ വികസനത്തിന് നേതൃത്വം നൽകാൻ യുവജനങ്ങൾ, കുടുംബങ്ങൾ തുടങ്ങി സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്കായി പുതിയ പദ്ധതി ആവിഷ്കരിക്കുന്നു.

ഇതിൻറെ ഭാഗമായി ഓഗസ്റ്റ് രണ്ട്, മൂന്ന്, നാല് ദിവസങ്ങളിൽ ചങ്ങനാശേരി എസ്ബി, അസംപ്ഷൻ കോളജുകളിൽ വച്ച് വിംഗ്സ് 2.0 സംഘടിപ്പിക്കുന്നു.

ത്രിദിന പരിശീലന ക്യാമ്പിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന ഹാക്കത്തോൺ, ബിസിനസ് ഐഡിയ അവതരണം, വനിതകൾക്കുള്ള ഏകദിന സെമിനാർ, ഹ്രസ്വ വീഡിയോ മത്സരം എന്നിവ വിവിധ വേദികളിൽ ചർച്ചയാവും. ഇടവകയിൽനിന്ന് പരമാവധി ആളുകളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന് അതിരൂപത വികാരിജനറാൾ മോൺ. ജയിംസ് പാലയ്ക്കൽ ഇടവക വികാരിമാർക്ക് അയച്ച കത്തിൽ നിർദേശിച്ചു.

## പൊൻകുന്നം ബസ് സ്റ്റാൻഡ് അറ്റകുറ്റപ്പണിക്കായി അടച്ചിട്ടു

### മുന്നറിയിപ്പില്ലാഞ്ഞത് യാത്രക്കാരെ വലച്ചു

പൊൻകുന്നം: ചിറക്കടവ് പഞ്ചായത്തിൻറെ പൊൻകുന്നം സ്വകാര്യ ബസ് സ്റ്റാൻഡിൽ കംഫർട്ട് സ്റ്റേഷനു മുന്പിലെ സ്ലാബുകൾ ശരിയായി ഉറപ്പിക്കുന്നതിനായി ഇന്നലെ സ്റ്റാൻഡ് അടച്ചിട്ടു. എന്നാൽ, മുന്നറിയിപ്പൊന്നും നൽകാതെ സ്റ്റാൻഡ് അടച്ചതുമൂലം യാത്രക്കാർ വലഞ്ഞു. ഇന്നലെ രാവിലെ മുതൽ വിവിധ റൂട്ടുകളിലേക്കുള്ള ബസുകൾ ദേശീയപാതയിലാണ് നിർത്തി യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്തത്.

ചങ്ങനാശേരി, കോട്ടയം, മുണ്ടക്കയം, കുമളി, എരുമേലി, മണിമല, പാലാ, പള്ളിക്കത്തോട്, തമ്പലക്കാട്, കൊടുങ്ങൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള യാത്രക്കാർ ബസുകൾ എവിടെയെന്നറിയാൻ തിരക്കിനിടയിലൂടെ അന്വേഷിച്ച് നടക്കേണ്ടിവന്നു. ബസുകൾ കൂട്ടത്തോടെ വഴിയോരത്ത് നിരന്നതോടെ ഗതാഗതക്കുരുക്കുമായി. നിരവധി വാഹനങ്ങളുടെ ഇടയിലൂടെ യാത്രക്കാർ റോഡ് മുറിച്ചുകടന്നുവേണമായിരുന്നു തങ്ങളുടെ ബസ് കണ്ടെത്തി യാത്ര ചെയ്യാൻ.

ഏതാനും മാസം മുന്പ് കംഫർട്ട് സ്റ്റേഷനിലെ സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്നതിനായാണ് സ്ലാബുകൾ മാറ്റിയത്. തുടർന്ന് ശരിയായ വിധം ഇവ സ്ഥാപിച്ചില്ല. യാത്രക്കാർ നടക്കുന്ന ഭാഗത്ത് ഉയർന്നും താഴ്ന്നുമുള്ള സ്ലാബുകളിൽ കാൽതട്ടി പരിക്കുപറ്റിയിരുന്നു. കഴിഞ്ഞ ദിവസം ഒരു യാത്രക്കാരി വീണ് പരിക്കേൽക്കുകയും ചെയ്തു. സ്ലാബുകളുടെ അരികിൽ കോൺക്രീറ്റ് അവശിഷ്ടങ്ങൾ തള്ളിയ നിലയിലുമായിരുന്നു.

## അശാസ്ത്രീയ വിദ്യാഭ്യാസ കലണ്ടർ പിൻവലിക്കണം

ചങ്ങനാശേരി: അശാസ്ത്രീയ വിദ്യാഭ്യാസ കലണ്ടറിനെതിരേ സംയുക്ത അധ്യാപക സമിതി കൂട്ട അവധിയെടുത്ത് കോട്ടയം ഗാന്ധി സ്ക്വയറിൽ പ്രതിഷേധ ധർണ നടത്തി. കെപിഎസ്ടിഎ സംസ്ഥാന സെക്രട്ടറി വർഗീസ് ആൻറണി ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന സർക്കാർ അസംതൃപ്തരായ അധ്യാപക സമൂഹത്തെയാണ് സൃഷ്ടിക്കുന്നതെന്ന് വർഗീസ് ആൻറണി പറഞ്ഞു.

ജില്ല പ്രസിഡൻറ് ആർ. രാജേഷ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി മനോജ് വി. പോൾ, സംസ്ഥാന നിർവാഹകസമിതി അംഗം പി. പ്രദീപ്, ജേക്കബ് ചെറിയാൻ, പി.ആർ. ശ്രീകുമാർ, അരുൺ തോമസ്, ജോമോൻ മാത്യു, ബോണി ലിയോ തോമസ്, സാംജി സാമുവൽ, ആശ കുരുവിള, ബോബി എ. ചാണ്ടി എന്നിവർ പ്രസംഗിച്ചു.

## ഫ്ളാറ്റിലെ ഭക്ഷ്യവിഷബാധ; ശക്തമായ നടപടിയുണ്ടാകുമെന്ന് ആരോഗ്യമന്ത്രി

കൊച്ചി: കാക്കനാട് ഡിഎൽഎഫ് ഫ്ളാറ്റിൽ താമസിക്കുന്നവർക്ക് ഭക്ഷ്യവിഷബാധയുണ്ടായത് ഗൗരവമുള്ള വിഷയമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. സംഭവത്തിൽ ശക്തമായ നടപടിയുണ്ടാകുമെന്നും മന്ത്രി പ്രതികരിച്ചു.ആരോഗ്യവകുപ്പിൻറെ പ്രത്യേക സംഘം സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫ്ളാറ്റിലെ കുടിവെള്ളത്തിൻറെ എല്ലാ സ്രോതസുകളും പരിശോധിക്കും. രോഗബാധിതരായ വ്യക്തികൾ പല ആശുപത്രികളിൽ ചികിത്സ തേടിയത് കൊണ്ടായിരിക്കാം ഈ വിഷയം ആരോഗ്യ വകുപ്പിൻറെ ശ്രദ്ധയിൽപെടാതിരുന്നത്. അക്കാര്യം അന്വേഷിക്കുമെന്നും മന്ത്രി പറഞ്ഞു. ഞായറാഴ്ചയാണ് ഫ്ളാറ്റിലെ ഒരാൾ തന്നെ നേരിട്ട് ഫോണിൽ വിളിച്ച് ഇക്കാര്യം അറിയിച്ചത്. ഉടൻ തന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറെ വിളിച്ച് അടിയന്തര ഇടപെടലിന് നിർദേശം നൽകുകയായിരുന്നെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## പാറത്തോട് പഞ്ചായത്തിൽ ഡെങ്കിപ്പനി പടരുന്നു

പാറത്തോട്: പാറത്തോട് പഞ്ചായത്തിൽ ഡെങ്കിപ്പനി പടരുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡ്രൈ ഡേ ആചരിക്കാൻ നിർദേശം. ഇതിൻറെ ഭാഗമായി ഇന്നലെ പഞ്ചായത്തിൻറെ പരിധിയിലെ വീടുകളും പരിസരവും ശുചീകരിച്ചു. ഇന്ന് ജോലിസ്ഥലങ്ങളും നാളെ സ്കൂൾ, കോളജ് പരിസരങ്ങളും ശുചീകരിച്ചാണ് ഡ്രൈ ഡേ ആചരിക്കുന്നത്.

വീടിൻറെ പരിസരങ്ങളിൽ വെള്ളം കെട്ടിക്കിടന്ന് കൊതുക് പെരുകാൻ സാധ്യതയുള്ള മുട്ടത്തോട്, ചിരട്ട, ടയർ, പ്ലാസ്റ്റിക് ഷീറ്റ്, ചെടിച്ചട്ടികൾ, പ്ലാസ്റ്റിക് മാലിന്യം എന്നിവ നീക്കം ചെയ്യണം. കൊതുക് പരുത്തുന്ന രോഗമായതിനാൽ കൊതുക് നശീകരണമാണ് പ്രധാനപ്പെട്ട പ്രതിരോധ പ്രവർത്തനമെന്ന് പഞ്ചായത്ത് അധികൃതർ പറഞ്ഞു.

പഞ്ചായത്ത് മൂന്നാം വാർഡിലെ വെളിച്ചിയാനി മേഖലയിലും ഒന്പതാം വാർഡിൽ ഇടക്കുന്നം മേഖലയിലുമാണ് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഡെങ്കിപ്പനി പടരുന്നത് തടയാൻ ആശാവർക്കർമാർ വീടുകളിലെത്തി ബോധവത്കരണം നൽകും. കൊതുക് നശീകരണത്തിനായി ഫോഗിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായും വീടും പരിസരവും ശുചീകരിക്കാൻ ശ്രദ്ധിക്കണമെന്നും പഞ്ചായത്ത് പ്രസിഡൻറ് കെ.കെ. ശശികുമാർ പറഞ്ഞു.

## കുറുപ്പന്തറ ബസ് സ്റ്റാൻഡിലെ ഷോപ്പിംഗ് കോംപ്ലക്സ് അപകടാവസ്ഥയിൽ: കോൺക്രീറ്റ് അടർന്ന് വീഴുന്നു

കുറുപ്പുന്തറ: യഥാകാലം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ കോൺക്രീറ്റ് അടർന്നു വീണു കുറുപ്പന്തറ ബസ് സ്റ്റാൻഡിലെ ഷോപ്പിംഗ് കോംപ്ലക്സ് അപകടാവസ്ഥയിൽ. കെട്ടിടത്തിൻറെ മുകൾഭാഗത്തു നിന്നുൾപ്പെടെ കോൺക്രീറ്റ് പാളികൾ അടർന്നുവീഴുന്നത് ആളുകളുടെ ജീവനുതന്നെ ഭീഷണി ഉയർത്തുകയാണ്. ഗൗരവമായ പ്രശ്നത്തിൽ മാഞ്ഞൂർ പഞ്ചായത്ത് അധികൃതർ നിസംഗത പുലർത്തുകയാണെന്ന് വ്യാപാരികളും പൊതുജനങ്ങളും ആരോപിക്കുന്നു.

മാഞ്ഞൂർ പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സാണ് അപകടാവസ്ഥയിലുള്ളത്. കെട്ടിടത്തിൻറെ മുകളിൽനിന്നും കഴിഞ്ഞദിവസം രാത്രിയിൽ 15 മീറ്ററോളം നീളത്തിൽ വലിയ കോൺക്രീറ്റ് പാളി അടർന്ന് നിലത്തേക്കു വീണു. രാത്രിയാതിനാൽ താഴെ ആരും ഇല്ലാതിരുന്നതിനാൽ വലിയ അപകടമാണ് ഒഴിവായത്.

പകൽസമയത്താണെങ്കിൽ എപ്പോഴും ഇവിടെ ആളുകളുള്ളതാണെന്ന് വ്യാപാരികൾ പറയുന്നു. ഈ കെട്ടിടത്തോട് ചേർന്നാണ് ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്നത്. ഓട്ടോറിക്ഷ ഡ്രൈവർമാർ വിശ്രമിക്കുന്നതും ഈ കെട്ടിടത്തിനു സമീപമാണ്. എപ്പോൾ വേണമെങ്കിലും താഴേയ്ക്കു വീഴാവുന്ന നിലയിൽ കോൺക്രീറ്റ് പാളികൾ അടർന്ന് നിൽക്കുന്ന കെട്ടിടം മനുഷ്യരുടെ ജീവനുതന്നെ ഭീഷണി ഉയർത്തുകയാണ്. സമീപത്തെ വ്യാപാരികളും ആശങ്കയിലാണ്.ഷോപ്പിംഗ് കോംപ്ലക്സിൽ കെഎസ്ഇബി കുറുപ്പന്തറ ഓഫീസും തയ്യൽക്കടയും ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നിർമാണം പൂർത്തിയാക്കി 1997ൽ ഉദ്ഘാടനം ചെയ്ത കെട്ടിടമാണ് കാലപ്പഴക്കത്തിൽ ശോച്യാവസ്ഥയിലുള്ളത്. പിന്നീട് കാര്യമായ അറ്റകുറ്റപ്പണികളൊന്നും നടത്തിയിട്ടില്ലെന്ന് വ്യാപാരികളും ഓട്ടോറിക്ഷ ഡ്രൈവർമാരും പറയുന്നു. കൃത്യമായി വാടക കൈപ്പറ്റുന്നതല്ലാതെ പഞ്ചായത്ത് അധികൃതർ കെട്ടിടം സംരക്ഷിക്കാൻ ശ്രമിക്കുന്നില്ലെന്നാണ് പരാതി. ഈ ഭാഗത്തുള്ള ശുചിമുറിയുടെയും മറ്റ് നിർമിതികളുടെയും അവസ്ഥയും ശോച്യാവസ്ഥയിലാണെന്നും ഇവർ പറയുന്നു.

ഷോപ്പിംഗ് കോംപ്ലക്സിൻറെ മുകൾഭാഗത്ത് പലയിടത്തും കോൺക്രീറ്റ് അടർന്ന് തുരുമ്പിച്ച ഇരുമ്പുകമ്പികൾ വെളിയിൽ കാണാവുന്ന അവസ്ഥയിലാണ്. അപകട ഭീതി മൂലം ചില വ്യാപാരികൾ സ്വന്തം കൈയിൽ നിന്ന് പണം മുടക്കി തങ്ങളുടെ ഭാഗത്ത് അറ്റകുറ്റപ്പണികൾ നടത്തിയിരുന്നു.

എന്നാൽ, വാടക നൽകുന്നതിന് പുറമേ കെട്ടിടത്തിൻറെ അറ്റകുറ്റപ്പണികൾ കൂടി നടത്താൻ നിവൃത്തിയില്ലെന്നാണ് ഇവർ പറയുനത്. പഞ്ചായത്ത് അടിയന്തരമായി ഇടപെട്ട് കെട്ടിടത്തിൻറെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാണ് വ്യാപാരികളുടെയും ഓട്ടോറിക്ഷ ഡ്രൈവർമാരുടെയും നാട്ടുകാരുടെയും ആവശ്യം.

## ജോബി മാത്യുവിൻെറ ദുരൂഹമരണം : വാഹന ഉടമ മുൻകൂർ ജാമ്യാപേക്ഷ നൽകി

കൊടുമൺ: ഇടത്തിട്ട പുതുപ്പറമ്പിൽ വീട്ടിൽ ജോബി മാത്യു(46)വിൻറെ ദുരൂഹമരണവുമായി ബന്ധപ്പെട്ടു കസ്റ്റഡിയിലെടുത്ത വാഹനത്തിൻറെ ഉടമ ജില്ലാ കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷ നൽകിയതായി സൂചന.

കഴിഞ്ഞ ദിവസം പത്തനംതിട്ടയിൽനിന്നാണ് സംശയാസ്പദമായ വാഹനം കൊടുമൺ പൊലീസ് കസ്റ്റഡിയിലെടുത്തത്. പത്തനംതിട്ട സ്വദേശിയുടെ കാർ ദുരൂഹസാഹചര്യത്തിൽ കൊടുമണ്ണിൽ വന്നു പോയതിൻറെ തെളിവുകൾ പോലീസിന് ലഭിച്ചിരുന്നു.

തടിക്കച്ചവടവുമായി ബന്ധപ്പെട്ട പത്തനംതിട്ടയിലെ വ്യക്തികളുടേതാണ് കാർ എന്ന നിഗമനത്തിലാണ് പോലീസ്. ഈ കാർ തന്നെയാണ് സംഭവ സ്ഥലത്ത് ഉണ്ടായിരുന്നതെന്ന സൂചനയും പോലീസിനു ലഭിച്ചു. കാറിൽ യാത്ര ചെയ്തവർ ജോബിയുമായി വാക്കുതർക്കം ഉണ്ടാകുന്നതും പിടിച്ചു തള്ളുന്നതും സിസിടിവി ദൃശ്യങ്ങളിൽ വ്യക്തമായിരുന്നു.

കഴിഞ്ഞ മേയ് 25നു രാത്രിയാണ് ഇടത്തിട്ട ഭാഗത്തെ വീടിനു സമീപം ജോബിയെ അബോധാവസ്ഥയിൽ കണ്ടെത്തിയത്. പിന്നീട് ചികിത്സയിലിരിക്കേ കോട്ടയം മെഡിക്കൽ കോളജ് ആശുപ്രതിയിലാണ് മരണം സംഭവിച്ചത്. ഡോക്ടർമാർ ഇതൊരു അപകടമരണമല്ലെന്നു റിപ്പോർട്ട് ചെയ്തതോടെയാണ് കേസിൽ അന്വേഷണ നടന്നത്.

സംഭവം നടന്ന സ്ഥലത്ത് ജോബിയുടെ അല്ലാത്ത മറ്റൊരു കാർ ഉണ്ടായിരുന്നതായി സിസിടിവി കാമറയിൽ കണ്ടെത്തിയിരുന്നു. എന്നാൽ, കാർ ഉടമയെ കണ്ടെത്താൻ പോലീസിനു കഴിഞ്ഞിരുന്നില്ല. ഇതിനിടെ കസ്റ്റഡിയിൽ എടുത്ത വാഹനത്തിൻറെ ഉടമയെ ഭരണകക്ഷിയിലെ ചില നേതാക്കൾ സംരക്ഷിക്കുന്നതായും ആരോപണം ഉയർന്നിട്ടുണ്ട്.

## പാതയോരത്ത് ഞാവൽപ്പഴം വില്പന തകൃതിയിൽ

കോഴഞ്ചേരി: ഞാവൽപ്പഴത്തിനു മാധുര്യമേറുന്നു. സംസ്ഥാനത്തെ പാതയോരങ്ങളിലും ഗ്രാമീണ റോഡുകളിലും ഞാവൽപ്പഴം വാങ്ങാൻ തിരക്ക്.ഒരുകാലത്ത് നമ്മുടേതുമാത്രമായിരുന്ന ഞാവൽപ്പഴം ഇന്ന് ആന്ധ്രാപ്രദേശ് പോലെയുള്ള സ്ഥാനങ്ങളിൽനിന്നാണ് എത്തുന്നത്.

ജീവിതശൈലീ രോഗങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായ പഴവർഗമാണ് ഞാവൽപ്പഴമെന്ന തിരിച്ചറിവാണ് മലയാളികൾ ഈ പഴം വാങ്ങുന്നതിന് താല്പര്യം കാണിക്കാൻ കാരണം. ഒരു കിലോ ഞാവൽപ്പഴത്തിന് 400 രൂപയാണ് വില.

തിരുവല്ലകുമ്പഴ സംസ്ഥാനപാതയിൽ എല്ലാ സ്ഥലങ്ങളിലും ഞാവൽപ്പഴം വാങ്ങാൻ ആളുകൾ കൂട്ടമായി എത്തുന്നു. യഥാർഥ ഞാവൽപ്പഴം കഴിച്ചാൽ പല്ലിന് നീലനിറം ഉണ്ടാകുമത്രേ. വ്യാജനെ ഇതിലൂടെ തിരിച്ചറിയാമെന്നും ഉപഭോക്താക്കൾ.

ആന്ധ്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽനിന്നാണ് ഞാവൽപ്പഴം കേരളത്തിൻറെ തെരുവോരങ്ങളിൽ എത്തുന്നത്. വില്പന നടത്തുന്നവർക്ക് 600 രൂപയാണ് ദിവസക്കൂലിയായി മൊത്തക്കച്ചവടക്കാർ നല്കുന്നത്. സമീപപ്രദേശമായ ചെങ്ങന്നൂരിൽ ഞാവൽപ്പഴകൃഷി വ്യാപകമാകുന്നുണ്ടെന്നു കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

പ്രതിദിനം 20 കിലോ ഞാവൽപ്പഴം വില്ക്കുന്നുണ്ടെന്നു പുല്ലാട് വില്ലേജ് ഓഫീസിനടുത്ത് വില്പന നടത്തുന്ന തമിഴ്നാട് തിരുനെൽവേലി സ്വദേശിയായ കാർത്തിക് പറഞ്ഞു. രക്തത്തിലെ പഞ്ചസാരയുടെ അളവും മറ്റും ഞാവൽപ്പഴം കഴിച്ചാൽ കുറയുമെന്നു കർണാടക സ്വദേശിയായ പ്രിയാ സുരേഷ് പറഞ്ഞു. മുന്പ് ആയുർവേദ ചികിത്സയുമായി കേരളത്തിലെത്തിയപ്പോൾ ഡോക്ടറുടെ നിർദേശപ്രകാരമാണ് ഞാവൽപ്പഴം വാങ്ങിക്കഴിച്ചതെന്നും ഇതു പ്രയോജനപ്പെട്ടെന്നുമാണ് പ്രിയ പറയുന്നത്.

## മന്ത്രി ജോർജ് കുര്യൻ സ്റ്റെഫിൻെറ വീട് സന്ദർശിച്ചു

പാന്പാടി: കുവൈറ്റിൽ തീപിടിത്തത്തിൽ മരണമടഞ്ഞ പാമ്പാടി സ്വദേശി സ്റ്റെഫിൻ ഏബ്രഹാമിൻറെ വീട് കേന്ദ്ര ഫിഷറീസ് ന്യൂനപക്ഷ സഹമന്ത്രി ജോർജ് കുര്യൻ സന്ദർശിച്ചു. സ്റ്റെഫിൻറെ മാതാപിതാക്കളെയും സഹോദരങ്ങളെയും അദ്ദേഹം ആശ്വസിപ്പിച്ചു. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാരിൻറെ ഭാഗത്തുനിന്നും എല്ലാ സഹായങ്ങളും ഉണ്ടാകുമെന്നു മന്ത്രി പറഞ്ഞു.

കുവൈറ്റിൽ ലേബർ ക്യാമ്പുകളിൽ കഴിയുന്ന പ്രവാസികളായ മലയാളികളുടെ കഷ്ടപ്പാടുകൾക്ക് പരിഹാരം കാണാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ബിജെപി ജില്ലാ പ്രസിഡൻറ് ലിജിൻ ലാൽ, ജില്ലാ സെക്രട്ടറി സോബിൻലാൽ തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ജോലി വാഗ്ദാനം ചെയ്ത് യുവതികളെ തടവിലാക്കി പീഡിപ്പിച്ചു; ഒൻപത് പേർക്കെതിരെ കേസ്

പാറ്റ്ന: ബിഹാറിൽ ജോലി വാഗ്ദാനം ചെയ്ത് നിരവധി യുവതികളെ തടവിലാക്കി മാസങ്ങളോളം പീഡിപ്പിച്ച ഒൻപത് പേർക്കെതിരെ കേസ്. മുസാഫർപുർ ജില്ലയിലാണ് സംഭവം.

ഒരു വ്യാജ മാർക്കറ്റിംഗ് സ്ഥാപനവുമായി ബന്ധമുള്ളവരാണ് കേസിലെ പ്രതികൾ. ഒമ്പത് പ്രതികളും ഒളിവിലാണ്. ഇവരെ പിടികൂടാൻ പോലീസ് അന്വേഷണം ആരംഭിച്ചു. .

പ്രതികളുടെ പക്കൽ നിന്നും രക്ഷപ്പെട്ടവരിൽ ഒരാൾ ഒമ്പത് പേർക്കെതിരെ കോടതിയിൽ പരാതി നൽകിയിരുന്നു. കോടതിയുടെ നിർദേശത്തിൻറെ അടിസ്ഥാനത്തിലാണ് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചത്.

2022 ജൂണിൽ സോഷ്യൽ മീഡിയ വഴിയാണ് പ്രതി രക്ഷപെട്ട പെൺകുട്ടിയുമായി ബന്ധപ്പെട്ടത്. നല്ലൊരു ജോലി ലഭിക്കാൻ മുസാഫർപൂരിലെത്താൻ പ്രതി പെൺകുട്ടിയോട് ആവശ്യപ്പെടുകയായിരുന്നു.

മുസാഫർപൂരിൽ വന്നപ്പോൾ യുവതിയെ ആദ്യം ഒരു മുറിയിൽ പാർപ്പിച്ചു. മറ്റ് നിരവധി പെൺകുട്ടികളും അവിടെ താമസിച്ചിരുന്നു. പിന്നീട്, അവരെ ഒരു അജ്ഞാത സ്ഥലത്തേക്ക് മാറ്റുകയും ജോലി വാഗ്ദാനം ചെയ്ത് നിരവധി പെൺകുട്ടികളെ അവരെ കൊണ്ട് വിളിപ്പിക്കുകയും ചെയ്തു.

പ്രതികൾ യുവതികളെ മർദിക്കുകയും ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്തു. പരാതിക്കാരിയെയും മറ്റ് ഇരകളെയും ഇവർ ബലമായി വിവാഹം കഴിക്കുകയും ചെയ്തു. ഗർഭിണിയായവരെ കൊണ്ട് ഭ്രൂണഹത്യ ചെയ്യിപ്പിച്ചു. ഒടുവിൽ, ഇവിടെ നിന്നും രക്ഷപെട്ട ഒരു പെൺകുട്ടി വിവരം പോലീസിൽ അറിയിച്ചു.

എന്നാൽ തൻറെ പരാതി സ്വീകരിക്കാൻ ആദ്യം പോലീസ് വിസമ്മതിച്ചെന്നും അതിനാലാണ് കോടതിയെ സമീപിച്ചതെന്നും രക്ഷപ്പെട്ട യുവതി പറഞ്ഞു. പോലീസ് കേസെടുക്കാത്തതിൻറെ കാരണം അന്വേഷിക്കുമെന്ന് എസ്പി വിനിത സിൻഹ പറഞ്ഞു.

# ചികിത്സാപ്പിഴവുമൂലം വിദ്യാർഥിക്ക് ശസ്ത്രക്രിയ നടത്തിയെന്ന് പരാതി

നെടുങ്കണ്ടം: ചികിത്സാ പരിചരണത്തിലുണ്ടായ പിഴവുമൂലം വിദ്യാർഥിക്ക് ശസ്ത്രക്രിയ നടത്തേണ്ടിവന്നതായി പരാതി. കല്ലാർ ഗവ. സ്കൂൾ വിദ്യാർഥിയായ സന്യാസിയോട സ്വദേശി പുത്തൻപീടികയിൽ അബ്ദുൾ മുജീബിനാണ് ചികിത്സാപ്പിഴവിനെത്തുടർന്ന് ശസ്ത്രക്രിയ ആവശ്യമായി വന്നത്.

കഴിഞ്ഞ അഞ്ചിന് സ്കൂളിൽ വച്ച് പനി ഉണ്ടായതിനെത്തുടർന്നാണ് മുജീബ് മുണ്ടിയെരുമ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയ്ക്കെത്തിയത്. ഇൻജക്ഷൻ ചെയ്ത് വിട്ടയച്ച മുജീബിന് വേദന അനുഭവപ്പെടുകയും കുത്തിവച്ച ഭാഗം പഴുക്കുകയും ചെയ്തു. ഇന്ജക്ഷൻ! എടുത്തപ്പോൾ ശരിയായ രീതിയിൽ പരിചരിക്കാഞ്ഞതതിനെത്തുടർന്നാണ് പഴുക്കാനിടയായ തെന്നു പിതാവ് അബ്ദുൾ നജീബ് ഡിഎംഒയ്ക്ക് നൽകിയ പരാതിയിൽ പറയുന്നു.

പത്തിന് ഇതേ ആശുപത്രിയിൽത്തന്നെ എത്തി ഇക്കാര്യം നഴ്സിനോട് പറഞ്ഞപ്പോൾ, ഒരുപാട് രോഗികൾ വരുന്ന ഹോസ്പിറ്റലാണെന്നും ഇതിൽ കൂടുതലായി തങ്ങളെക്കൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ലെന്നും പറഞ്ഞതായും പരാതിയിൽ ആരോപിക്കുന്നു.

കുത്തിവച്ച ഭാഗം പഴുത്തതിനെത്തുടർന്ന് മുജീബിനെ കട്ടപ്പനയിലെ സ്വകാര്യ ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തി പഴുപ്പ് നീക്കം ചെയ്തു. മൂവായിരത്തോളം കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളിനു സമീപമാണ് മുണ്ടിയെരുമ പ്രാഥമികാരോഗ്യകേന്ദ്രം.

ജീവനക്കാരുടെ ഇത്തരത്തിലുള്ള കൃത്യവിലോപം കൂടുതൽ കുട്ടികളുടെ ജീവൻ അപകടത്തിലാക്കാൻ ഇടയാക്കുമെന്നും, വിഷയത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരേ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും പരാതിയിൽ ആവശ്യപ്പെടുന്നു. ഇതു സംബന്ധിച്ച് ആരോഗ്യ മന്ത്രിക്കും മനുഷ്യാവകാശ കമ്മീഷനും രക്ഷിതാക്കൾ പരാതി നൽകിയിട്ടുണ്ട്.

# പുലി ഭീതി: മാന്ദാമംഗലം ഫോറസ്റ്റ് ഓഫീസിൽ 24 മണിക്കൂർ കൺട്രോൾ റൂം തുറക്കുമെന്ന് മന്ത്രി

പുത്തൂർ: മാന്ദാമംഗലം മുരുക്കുംപാറയിൽ പുലിയുടെ സാന്നിധ്യം ഉണ്ടെന്ന അഭ്യൂഹത്തെ തുടർന്ന് പ്രദേശം റവന്യൂ മന്ത്രി കെ. രാജൻ സന്ദർശിച്ചു. കഴിഞ്ഞ രണ്ടുദിവസമായാണ് പുലിയെ കണ്ടതായി നാട്ടുകാർ പറയുന്നത്. മുരുക്കുംപാറയിലും വെള്ളച്ചാലിലുമാണ് പുലിയെ കണ്ടതായി അഭ്യൂഹം ഉയർന്നത്. ഇതേത്തുടർന്നാണു മന്ത്രി.ുടെ നേതൃത്വത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരും പുത്തൂർ പഞ്ചായത്ത് ജനപ്രതിനിധികളും സ്ഥലം സന്ദർശിച്ചത്.

മുരുക്കുംപാറയിൽ കഴിഞ്ഞ ദിവസം പുലിയെ കണ്ടുവെന്നുപറയുന്ന സ്കൂട്ടർ യാത്രക്കാരി നിത്യയിൽ നിന്ന് മന്ത്രി വിവരങ്ങൾ ചോദിച്ചറിഞ്ഞു. മാന്ദാമംഗലം ഫോസ്റ്റ് സ്റ്റേഷനിൽ 24 മണിക്കൂർ കൺട്രോൾ റൂം തുറക്കാൻ മന്ത്രി നിർദേശം നൽകി.

പുലിയുടെ സാന്നിധ്യവുമായി ബന്ധപ്പെട്ട് തെളിവുകൾ ലഭിക്കുംവരെ അടുത്ത ഒരാഴ്ച പ്രദേശത്ത് പട്രോളിംഗ് നടത്താനും വനം വകുപ്പിനു നിർദേശം നൽകി. ആവശ്യമെങ്കിൽ പോലീസ് സഹായം തേടാനും മന്ത്രി നിർദേശിച്ചു. കൂടുതൽ നിരീക്ഷണ കാമറകൾ സ്ഥാപിക്കും. നിലവിൽ മുരുക്കുംപാറയിൽ ഒറ്റ നിരീക്ഷണ കാമറ മാത്രമാണുള്ളത്. ഇതിനു പുറമേ ആറു നിരീക്ഷണ കാമറകൾ സ്ഥാപിക്കാൻ നിർദേശം നൽകി.

മാന്ദാമംഗലം ഫോറസ്റ്റ് ഓഫീ സിലെ ജീവനക്കാരുടെ എണ്ണം വർധിപ്പിക്കാൻ പട്ടിക്കാട് റേഞ്ച് ഓഫീസർക്ക് മന്ത്രി നിർദേശം നൽകി. നിലവിലെ സ്ഥിതി വനംവകുപ്പ് മന്ത്രിയുമായി ചർച്ച നടത്തിയതായി മന്ത്രി അറിയിച്ചു.

ജനങ്ങളുടെ ആശങ്ക ഒഴിവാക്കുന്നതിനായി ഇന്ന് ഉച്ചയ്ക്ക് ഒന്നിന് മാന്ദാമംഗലം ഫോറസ്റ്റ് ഓഫീസിൽ സർവകക്ഷി യോഗം വിളിച്ചുചേർക്കുമെന്ന് മന്ത്രി അറിയിച്ചു. എഡിഎം ടി. മുരളി, പുത്തൂർ പഞ്ചായത്ത് പ്രസിഡൻറ് മിനി ഉണ്ണികൃഷ്ണൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ മന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

# ഇന്ത്യയിൽ ഹിന്ദുത്വ അജണ്ട ഉടൻ നടപ്പാക്കാൻ കഴിയില്ല: എം. വി. ഗോവിന്ദൻ

പെരിന്തൽമണ്ണ: ദാർശനിക നിലപാടുകളെ അടിസ്ഥാനപ്പെടുത്തി കേരളത്തിൽ ഉയർന്നുവന്ന ഓരോ പ്രശ്നങ്ങളെയും എങ്ങനെ മാർക്സിസം സന്നിവേശിപ്പിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യണം എന്ന് ഇഎംഎസിനെ പോലെ അറിയാവുന്ന ഒരാളും ഇന്ത്യയിൽ ഉണ്ടായിട്ടില്ലന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പറഞ്ഞു.

'ഇഎംഎസിൻറെ ലോകം' 27ാമത് ദേശീയ സെമിനാർ ഷിഫാ കൺവൻഷൻ സെൻററിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയെ വീണ്ടും മതരാഷ്ട്രമാക്കാൻ നീക്കം തുടങ്ങി കഴിഞ്ഞു അതിൻറെ ആദ്യത്തെ കാൽവയ്പ്പാണ് പൗരത്വ ഭേദഗതി നിയമമെന്നും എന്നാൽ ലോക്സഭാ തെരഞ്ഞെടുപ്പിനു ശേഷം കൂട്ടുകക്ഷി ഭരണം വന്ന സ്ഥിതിക്ക് ഹിന്ദുത്വ അജണ്ട ഇന്ത്യയിൽ ഉടൻ നടപ്പാക്കാൻ കഴിയില്ലെന്നും ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

പെൻഷനടക്കം സാധാരണക്കാർക്ക് നൽകേണ്ട പല ആനുകൂല്യങ്ങളും നൽകാൻ സംസ്ഥാന സർക്കാരിന് സാധിക്കാഞ്ഞത് ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരിച്ചടിയായി. തെരഞ്ഞെടുപ്പിൽ നല്ലത് പോലെ തോറ്റു. തോറ്റിട്ട് ജയിച്ചെന്ന് പറഞ്ഞിട്ട് കാര്യമില്ല. തോൽവിയുടെ കാരണം കണ്ടെത്തി തിരുത്തി മുന്നോട്ടുപോവും. 62 ലക്ഷം ആളുകൾക്ക് കൊടുക്കേണ്ട പെൻഷൻ കൊടുത്ത് തീർക്കാനായിട്ടില്ല.

അധ്യാപകർക്കുള്ള ഡി. എ പൂർണമായും കൊടുത്തിട്ടില്ലായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇ. എൻ. മോഹൻദാസ് അധ്യക്ഷത വഹിച്ചു. സംഘാടകസമിതി അധ്യക്ഷൻ വി. ശശികുമാർ സ്വാഗതം പറഞ്ഞു. കെ. ഇ. എൻ. കുഞ്ഞുമുഹമ്മദ് ഇഎംഎസ് സ്മാരക പ്രഭാഷണം നടത്തി. പാലോളി മുഹമ്മദ് കുട്ടി മുഖ്യാതിഥിയായിരുന്നു. പുസ്തക പ്രകാശനം ഗോവിന്ദൻ മാസ്റ്റർ, പാലോളി മുഹമ്മദ് കുട്ടിക്കി നൽകി നിർവഹിച്ചു.

പി. പി. വാസുദേവൻ, കെ. പി. മോഹനൻ, ഡോ. മുഹമ്മദ്, വിജയലക്ഷ്മി, ഇ. എം. രാധ, ടി. കെ. ഹംസ, മടമ്പൂർ രാജൻ, ബാബു, കെ. പി. രമണൻ, കെ. എസ്. ഹംസ, പി. കെ. സൈനബ, വി. പി. സാനു തുടങ്ങിയവർ പങ്കെടുത്തു.

തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഇടതുമുന്നണിയുടെ പ്രകടനത്തിൽ വലിയ നിരാശയെന്ന് സിപിഎം പൊളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് പറഞ്ഞു. പുതുലോക ക്രമവും ശീതയുദ്ധവും എന്ന വിഷയത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കനത്ത നഷ്ടമാണ് പാർട്ടിയ്ക്കുണ്ടായത്. വിശദമായ പരിശോധന നടത്തി പിഴവുകൾ പരിഹരിച്ച് മുന്നോട്ട് പോവും. ഹിന്ദുത്വ അജൻഡ മാത്രം ലക്ഷ്യമാക്കുന്ന നരേന്ദ്രമോദിക്ക് അധിക കാലം ഭരണത്തിൽ തുടരാനാവില്ലെന്നും അദ്ദേഹം പറഞ്ഞു.

## സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർഥി സമൂഹം വളർന്നു വരണം: പി. ഉബൈദുള്ള എംഎൽഎ

മലപ്പുറം: സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർഥി സമൂഹം വളർന്നു വരേണ്ടത് ഈ കാലഘട്ടത്തിൻറെ ആവശ്യമാണെന്ന് പി. ഉബൈദുള്ള എംഎൽഎ പറഞ്ഞു. കോഡൂർ ഗ്രാമപഞ്ചായത്ത് നവീകരിച്ച ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോഡൂർ പഞ്ചായത്തിൻറെ ടോപ്പേഴ്സ് മീറ്റ് ജില്ലാ കളക്ടർ വി. ആർ. വിനോദ് ഉദ്ഘാടനം ചെയ്തു. എസ്എസ്എൽസി, പ്ലസ് ടു, നീറ്റ് എൻട്രൻസ് പരീക്ഷയിൽ മികച്ച വിജയം നേടിയവരേയും സിവിൽ സർവീസ് പരീക്ഷയിൽ റാങ്ക് നേടിയ ഫാത്തിമ ഷിംനയെയും ചടങ്ങിൽ അനുമോദിച്ചു. പഞ്ചായത്ത് പ്രസിഡൻറ് റാബിയ ചോലക്കൽ അധ്യക്ഷത വഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആസ്യ കുന്നത്ത്, ജില്ലാ പഞ്ചായത്ത് മെമ്പർ കെ. സലീന ടീച്ചർ, പഞ്ചായത്ത് വൈസ് പ്രസിഡൻറ് സാദിഖ് പൂക്കാടൻ, സെക്രട്ടറി എം. മധുസൂദനൻ, സ്ഥിരംസമിതി അധ്യക്ഷരായ ഫാത്തിമ വട്ടോളി, ശിഹാബ് അരീക്കത്ത്, ബ്ലോക്ക് മെമ്പർ എം. പി. ബഷീർ പ്രസംഗിച്ചു.

# ഇറ്റാലിയൻ തീരത്ത് രണ്ട് ബോട്ടുകൾ മുങ്ങി; 11 അഭയാർഥികൾ മരിച്ചു; നിരവധി പേരെ കാണാതായി

റോം: ഇറ്റാലിയൻ തീരത്ത് രണ്ട് വ്യത്യസ്ത ബോട്ടപകടങ്ങളിലായി 11 അഭയാർഥികൾ മുങ്ങിമരിച്ചു. 66 പേരെ കാണാതായെന്നാണ് വിവരം.മനുഷ്യക്കടത്ത് സംഘങ്ങളുടെ വലയിൽ കുടുങ്ങി വിവിധ രാജ്യങ്ങളിൽനിന്ന് യൂറോപ്പിലേക്ക് കടക്കാമെന്ന പ്രതീക്ഷയിൽ സഞ്ചരിച്ച ആളുകളാണ് അപകടത്തിൽപെട്ടത്. രക്ഷപെട്ടവരെ ഇറ്റാലിയൻ കോസ്റ്റ് ഗാർഡിന് കൈമാറി.തിങ്കളാഴ്ചയാണ് നാദിർ എന്ന കപ്പലിൽനിന്ന് രക്ഷാപ്രവർത്തകർ 10 മൃതദേഹങ്ങൾ കണ്ടെത്തിയത്. ഈ കപ്പലിലെ 51 പേരെ രക്ഷിച്ചതായി ജർമൻ രക്ഷാപ്രവർത്തകരായ റെസ്ക്യൂഷിപ് അറിയിച്ചു. ഇറ്റാലിയൻ ദ്വീപായ ലാംപെഡൂസയിൽ നിന്ന് 40 മൈൽ തെക്ക് ഭാഗത്തായിരുന്നു അപകടം.

തെക്കൻ ഇറ്റലിയിലെ കാലാബ്രിയ തീരത്തുനിന്ന് 100 മൈൽ അകലെ അയോണിയൻ കടലിൽ തിങ്കളാഴ്ച ഉച്ചയ്ക്കുണ്ടായ മറ്റൊരു ബോട്ടപകടത്തിൽ 26 കുട്ടികളടക്കം 66 പേരെ കാണാതായി. 12 പേരെ മറ്റൊരു ചരക്കുകപ്പലിൽ ഉണ്ടായിരുന്നവർ രക്ഷിച്ച് തുറമുഖത്തെത്തിച്ചു.

ഇവരിൽ ഒരു സ്ത്രീ പിന്നീട് മരിച്ചു. തുർക്കിയിൽ നിന്ന് പുറപ്പെട്ട കപ്പലാണ് ഇതെന്നാണ് സൂചന.

# യുഎസും ഇന്ത്യയും അതുല്യമായ സൗഹൃദം പങ്കിടുന്നുവെന്ന് വൈറ്റ്ഹൗസ്

വാഷിംഗ്ടൺ ഡിസി: ലോകത്തിലെ ഏറ്റവും പഴക്കമേറിയതും വലുതുമായ രണ്ട് ജനാധിപത്യ രാജ്യങ്ങൾ എന്ന നിലയിൽ, യുഎസും ഇന്ത്യയും അതുല്യമായ സൗഹൃദം പങ്കിടുന്നുവെന്ന് വൈറ്റ്ഹൗസ്.

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക് സള്ളിവൻറെ ഇന്ത്യ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള നിലവിലെ ബന്ധം കൂടുതൽ ഉറപ്പാക്കുമെന്നും വൈറ്റ് ഹൗസ് നാഷണൽ സെക്യൂരിറ്റി കമ്മ്യൂണിക്കേഷൻസ് അഡ്വൈസർ ഓൺ കിർബി വാർത്താ സമ്മേളനത്തിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.മോദി സർക്കാർ മൂന്നാം തവണയും അധികാരത്തിൽ വന്നതിന് പിന്നാലെയാണ് യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക് സള്ളിവൻ ഇന്ത്യ സന്ദർശിക്കുന്നത്. സള്ളിവൻ തിങ്കളാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും അജിത് ഡോവലുമായും കൂടിക്കാഴ്ച നടത്തി.

ഖാലിസ്ഥാനി വിഘടനവാദി ഗുർപത്വന്ത് സിംഗ് പന്നുവിൻറെ കൊലക്കേസുമായി ബന്ധപ്പെട്ട ചോദ്യങ്ങളോട് പ്രതികരിക്കാൻ അദ്ദേഹം തയറായില്ല. തിങ്കളാഴ്ച ന്യൂയോർക്കിലെ ഫെഡറൽ കോടതിയിൽ ഹാജരാക്കിയ നിഖിൽ ഗുപ്ത കുറ്റം നിഷേധിച്ചു.

# സഹകരണ പ്രസ്ഥാനങ്ങൾ നാടിൻറെ നട്ടെല്ല്: മന്ത്രി കെ. രാജൻ

കൊരട്ടി: കേരള ജനത ഹൃദയത്തോടു ചേർത്തുപിടിച്ച കൊരട്ടി സഹകരണ ബാങ്ക് പോലെയുള്ള നക്ഷത്ര ശോഭയുള്ള സഹകരണ പ്രസ്ഥാനങ്ങളെ കഴുത്ത് ഞെരിച്ച് കൊല്ലാനുള്ള മൂലധനശക്തികളുടെ ബോധപൂർവമായ ശ്രമങ്ങൾ വിലപ്പോവില്ലെന്ന് മന്ത്രി കെ. രാജൻ. കൊരട്ടി സർവീസ് സഹകരണ ബാങ്കിൻറെ നവീകരിച്ച ചിറങ്ങര ബ്രാഞ്ചിൻറെയും പുതുതായി ആരംഭിച്ച കൊരട്ടി മാർട്ടിൻറെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ബാങ്ക് നടപ്പിലാക്കുന്ന ആശ്വാസ് പെൻഷൻ പദ്ധതിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

സഹകരണ സംഘങ്ങൾക്ക് ചിലയിടങ്ങളിൽ സംഭവിക്കുന്ന അപചയങ്ങൾ സർക്കാർ ഗൗരത്തോടെയാണ് കാണുന്നത്. അപചയങ്ങൾക്ക് വഴിപ്പെടാതെയും സാമാന്യവൽക്കരിക്കാതെയും തെറ്റെന്ന് കണ്ട് തിരുത്താൻ തയാറാകുകയാണ് വേണ്ടതെന്നും മന്ത്രി ഓർമിപ്പിച്ചു.

സഹകരണ സംഘങ്ങളിലെ ഒരോ ചെറിയ സംഖ്യയുടെ നിക്ഷേപങ്ങളിലും സാധാരണക്കാരൻറെ വിയർപ്പും ഗന്ധവുമുണ്ടെന്ന് മനസിലാക്കി സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ പ്രവർത്തനങ്ങളിലൂടെ നാടിൻറെ നട്ടെല്ലായി മാറാൻ സഹകരണ സംഘങ്ങളുടെ നേതൃനിരയിലുള്ളവർ ശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു.

ബാങ്കിംഗ് രംഗത്തെ കുത്തകവത്കരണം ദേശസാൽകൃത ബാങ്കുകളെ പോലും അപകടകരമായി പിന്തുടരുമ്പോൾ നാടിൻറെ സ്പന്ദനങ്ങൾക്കൊപ്പം ബദലായി മാറാൻ സഹകരണ ബാങ്കുകൾക്ക് കഴിയണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

വിവിധ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ, കുടുംബശ്രീ, മറ്റ് സഹകരണ സ്ഥാപനങ്ങളുടെ കർഷക തനിമയാർന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ കൊരട്ടി മാർട്ടിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന പദ്ധതി അഭിനന്ദനാർഹമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ബാങ്ക് പ്രസിഡൻറ് കെ. പി. തോമസ് അധ്യക്ഷനായി. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി. സി. ബിജു, ജില്ലാ പഞ്ചായത്ത് അംഗം ലീല സുബ്രമണ്യൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം സിന്ധു രവി, വാർഡ് മെമ്പർ പി. എസ്. സുമേഷ്, ബാങ്ക് സെക്രട്ടറി എൻ. ജി. സനിൽ കുമാർ, ബാങ്ക് വൈസ് പ്രസിഡൻറ് എം. കെ. സുഭാഷ്, ബോർഡ് മെമ്പർ അഡ്വ. കെ. എ. ജോജി, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പ്രസംഗിച്ചു.

# കല്ലടിക്കോട് മലയോര മേഖലയിൽ സൗരോർജവേലി നിർമാണം തുടങ്ങി

കല്ലടിക്കോട്: വന്യമൃഗശല്യത്തിനു പരിഹാരം കാണണമെന്ന പ്രദേശവാസികളുടെ നിരന്തരമായ ആവശ്യത്തെ തുടർന്ന് കല്ലടിക്കോടൻ മലയോര മേഖലയിൽ സൗരോർജവേലി നിർമാണം തുടങ്ങി.

മുണ്ടൂർ പഞ്ചായത്തിലെ വടക്കൻറെ കാർഡ് മുതൽ പാലക്കയം പഞ്ചായത്തിലെ ഇഞ്ചിക്കുന്ന് വരെയുള്ള 40 കിലോമീറ്റർ ദൂരത്തിലാണ് സൗരോർജവേലി സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചത്.

കരിമ്പ, തച്ചമ്പാറ പഞ്ചായത്തുകളിലൂടെയാണ് വേലി നിർമിക്കുന്നത്. പ്രതിരോധ വേലിയുടെ നിർമാണം മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണു തീരുമാനം. കരിമ്പ പഞ്ചായത്തിലെ എരുമേനി, മേലെ പയ്യാനി, പറക്കലടി, ചെറുമല, കരിമല, മരുതംകാട്, മൂന്നേക്കർ, മുണ്ടനാട്, തരിപ്പപ്പതി, ചീനയ്ക്കപ്പാറ, വട്ടപ്പാറ തുടങ്ങിയ പ്രദേശങ്ങളിലാണ് വന്യമൃഗശല്യം രൂക്ഷമായിട്ടുള്ളത്.

ഈ പ്രദേശങ്ങളിൽ കാട്ടാനകൾക്ക് പുറമെ പുലിയും കടുവയും മറ്റു മൃഗങ്ങളും കൃഷിയിടങ്ങളിൽ എത്തുന്നത് പതിവാണ്. കൃഷിയിടത്തിൽ എത്തുന്ന വന്യമൃഗങ്ങളെ കണ്ടെത്തുന്നതിനും അവയെ ജനവാസ മേഖലകളിൽ നിന്നും വനാതിർത്തിയിലേക്ക് കടത്തിവിടുന്നതിനും വേണ്ടി വനം വകുപ്പധികാരികൾ കാമറകൾ സ്ഥാപിച്ച് നിരീക്ഷണവും നടത്തുന്നുണ്ട്.

മറ്റുപല മലയോര മേഖലകളിലും വിജയം കണ്ടതിനെ തുടർന്നാണ് കല്ലടിക്കോട് മലയോരമേഖലയിലും സൗരോർജവേലി പരീക്ഷിക്കാൻ തീരുമാനിച്ചത്. വനം വകുപ്പ് നിർമിക്കുന്ന വൈദ്യുതി വേലികൾ പലതും കാട്ടാനകൾ മരം ചവിട്ടി മറിച്ച് വൈദ്യുതി ബന്ധം വിച്ഛേദിച്ച് കൃഷിയിടങ്ങളിലേക്ക് എത്തുന്നത് സ്ഥിരം പതിവാണ്.

തൂക്കുവേലി സ്ഥാപിച്ച ഇടങ്ങളിലെല്ലാം അവ തട്ടിമറിച്ച് കൃഷിയിടങ്ങളിലേക്ക് കാട്ടാനകൾ ഇറങ്ങുന്നത് സ്ഥിരം കാഴ്ചയാണ്. പലപ്പോഴും വനം വകുപ്പ് അധികാരികൾക്ക് തുടർപരിചരണം നടത്താൻ സാധിക്കാതെ വരുന്നു.

അതത് സ്ഥലത്തെ കർഷകരെ സൗരോർജവേലിയുടെ പരിചരണത്തിന് ഏൽപ്പിച്ചാൽ ഈ പ്രശ്നം പരിഹരിക്കാനാവുമെന്നാണ് കർഷകർ പറയുന്നത്.

കാട്ടാനകളെ പേടിച്ച് പലപ്പോഴും കർഷകർക്ക് കൃഷിയിടങ്ങളിലേക്കു പോകാനോ റബർടാപ്പിംഗ് നടത്താനോ മറ്റ് കൃഷിപ്പണികൾ ചെയ്യാനോ സാധിക്കാത്ത അവസ്ഥയാണ്.

ആദ്യകാലങ്ങളിൽ രാത്രി മാത്രം വന്നിരുന്ന കാട്ടാനകളും പുലിയും ഇപ്പോൾ പകലും കൃഷിയിടങ്ങളിലും വീടുകൾക്ക് സമീപവും എത്തുന്നത് പ്രദേശവാസികളിൽ ഭീതി ഉയർത്തുന്നുണ്ട്.

# തമിഴ്നാട്ടിൽ നിന്നും വേട്ടയാടിയ മലമാനിൻെറ മാംസവുമായി രണ്ടുപേർ പിടിയിൽ

എടക്കര: തമിഴ്നാട്ടിൽ നിന്നും വേട്ടയാടിയ മലമാനിൻറെ മാംസവുമായി രണ്ടുപേർ വഴിക്കടവിൽ വനം വകുപ്പിൻറെ പിടിയിലായി. മരുത മത്തളപ്പാറ എടക്കാട്ടിൽ അമീർ ഫൈസൽ (26), മരുത തണ്ടുപാറ മുഹമ്മദ് റാഷി(26) എന്നിവരെയാണ് വഴിക്കടവ് റേഞ്ച് ഓഫീസർ കെ. പി. എസ്. ബോബികുമാറും സംഘവും അറസ്റ്റ് ചെയ്തത്.

ഇവരിൽ നിന്ന് മലമാനിൻറെ 25 കിലോ മാംസവും കുളമ്പുള്ള ഒരു കാലും, വേട്ടയ്ക്കുപയോഗിച്ച തോക്കും വനപാലകർ പിടിച്ചെടുത്തു. ഇന്നലെ രാവിലെ പോത്തുകൽ ഡെപ്യൂട്ടി റേഞ്ച് ഓഫീസർ വിനോദ് കൃഷ്ണന് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ അമീർ ഫൈസലിൻറെ മത്തളപ്പാറയിലെ വീട്ടിൽ നടത്തിയ പരിശോധനയിലാണ് മാംസവും മറ്റും കണ്ടെടുത്തത്. ഇവിടെനിന്നും കുളമ്പുള്ള കാലും കണ്ടെടുത്തു. ചോദ്യം ചെയ്യലിൽ കാട്ടിറച്ചിയാണെന്നും തമിഴ്നാട്ടിൽ നിന്നും വേട്ടയാടിയതാണെന്നും ഇയാൾ മൊഴി നൽകി. മുഹമ്മദ് റാഷി, വഴിക്കടവ് ആനമറി കുളങ്ങാടൻ ജംഷീർ എന്നിവർ ചേർന്നാണ് ഊട്ടിക്കടുത്ത് പൈക്കര പോലീസ് സ്റ്റേഷൻ പരിധിയിലെ മുത്തനാട്നന്തിൽ നിന്നും മലമാനിനെ വേട്ടയാടിത്.

പ്രതികളിലൊരാളായ ജംഷീറിനെ പിടികൂടാനിയിട്ടില്ല. പിടിയിലായ പ്രതികളുമായി വനപാലകർ മുത്തനാട് നന്തിൽ നടത്തിയ തെളിവെടുപ്പിൽ മലമാനിൻറെ തൊലിയും, തലയും മറ്റ് ഭാഗങ്ങളും കണ്ടെടുത്തു. തമിഴ്നാട് സ്വദേശികളായ മഹേഷ്, ബാബു എന്നിവരും കൃത്യത്തിൽ ഉൾപ്പെട്ടതായി വ്യക്തമായിട്ടുണ്ട്.

പ്രതികളെ മഞ്ചേരി വനം കോടതിയിൽ ഹാജരാക്കി. കുറ്റകൃത്യം തമിഴ്നാട്ടിൽ നടന്നതിനാൽ കൂടുതൽ അന്വേഷണത്തിനായി പ്രതികളെ തമിഴ്നാട് വനം ഉദ്യോഗസ്ഥർക്ക് കൈമാറും. റേഞ്ച് ഓഫീസർ, ഡെപ്യൂട്ടി റേഞ്ച് ഓഫീസർ എന്നിവർക്ക് പുറമെ സെക്ഷൻ ഫേറസ്റ്റ് ഒഫീസർമരായ ഷിജു, സുജിത്ത്, ലാൽ വി. നാഥ്, ഗാർഡുമാരായ ഷാക്കിർ, അഖിൽ ദേവ്, മൈക്കിൾ, മാലതി എന്നിവരും അന്വേഷ സംഘത്തിലുണ്ടായിരുന്നു.